# എസ്.എൻ. ട്രസ്റ്റ് എച്ച്.എസ്.എസ്
# പള്ളിപ്പാട്, നങ്ങ്യാർകുളങ്ങര

## സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025-2026

Scanned with OKEN Scanner

# ഉള്ളടക്കം


ആമുഖം

ലക്ഷ്യങ്ങൾ

വിദ്യാലയത്തിന്റെ ലഘു ചരിത്രം

വിദ്യാലയം മികവിന്റെ കേന്ദ്രം

പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

നിലവിലെ അവസ്ഥാവിശകലനം

പ്രശ്നങ്ങൾ വെല്ലുവിളികൾ - പരിഹാരമാർഗ്ഗങ്ങൾ

മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

പദ്ധതി വിശദാംശങ്ങൾ

പ്രതീക്ഷിത നേട്ടങ്ങൾ

മോണിട്ടറിംഗ്

ഉപസംഹാരം

അനുബന്ധം

- വിദ്യാലയത്തിന്റെ സ്കെച്ച്-പ്ലാൻ
- മികവുകൾ നേട്ടങ്ങൾ (നടപ്പുവർഷം, മുൻ വർഷം)
- കുട്ടികളുടെ എണ്ണം - മുൻ വർഷങ്ങളിൽ
- നിലവിലുള്ള കമ്മറ്റികൾ - അംഗങ്ങളുടെ പട്ടിക
- ബജറ്റ്


Scanned with OKEN Scanner

# വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ശ്രീനാരായണ ട്രസ്റ്റ്ഹയർ സെക്കന്ററി സ്കൂൾ, പള്ളിപ്പാട് |
| വിലാസം | : | നങ്ങ്യാർകുളങ്ങര പി.ഓ<br>ആലപ്പുഴ (ജില്ല), പിൻ. 690513<br>ഫോൺ : 0479- 2412522<br>0479 - 2412521 |
| സ്കൂൾ സ്ഥാപിതമായ വർഷം | : | 2003 |
| സ്കൂൾ കോഡ് | : | എച്ച്.എസ്. 35063,<br>എച്ച്.എസ്.എസ്. 4103 |
| വിദ്യാഭ്യാസ ഉപജില്ല | : | ഹരിപ്പാട് |
| വിദ്യാഭ്യാസ ജില്ല | : | ആലപ്പുഴ |
| റെവന്യൂ ജില്ല | : | ആലപ്പുഴ |
| ബി.ആർ.സി | : | ഹരിപ്പാട് |
| സി.ആർ.സി | : | നങ്ങ്യാർകുളങ്ങര |
| ഗ്രാമപഞ്ചായത്ത് | : | പള്ളിപ്പാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | ഹരിപ്പാട് |
| ജില്ലാ പഞ്ചായത്ത് | : | ആലപ്പുഴ |
| താലൂക്ക് | : | കാർത്തികപ്പള്ളി |
| വില്ലേജ് | : | പള്ളിപ്പാട് |
| മുൻസിപാലിറ്റി | : | ഹരിപ്പാട് |
| നിയമസഭാമണ്ഡലം | : | ഹരിപ്പാട് |
| ലോകസഭാമണ്ഡലം | : | ആലപ്പുഴ |
| ഇമെയിൽ | : | 35063alappuzha@gmail.com (H.S)<br>04103principal@gmail.com (H.S.S) |

Scanned with OKEN Scanner

# ആമുഖം

"ശരിയായ അറിവാണ് ജ്ഞാനം

ഈ പ്രപഞ്ചം ഏകമയമായ ചൈതന്യമാണെന്നും

മനുഷ്യനും മനുഷ്യനും തമ്മിൽ യാതൊരു

വ്യത്യാസമില്ലെന്നുള്ളതുമാണ് ശരിയായ അറിവ്

ശ്രീനാരായണ ഗുരു

ലോകത്തിനാകെ മാതൃകയാകുന്ന തരത്തിൽ കേരള മോഡൽ എന്ന സാമൂഹ്യ സാംസ്കാരിക വികസന നേട്ടം കൈവരിച്ചത് വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനങ്ങളിലൂടെയാണ്. നമ്മുടെ പൊതു വിദ്യാലയങ്ങളാണ് അതിന് കാരണമായത്. ഇന്ന് പൊതു വിദ്യാലയങ്ങൾ ഒട്ടേറെ പ്രതിസന്ധികൾ നേരിടേണ്ടി വരുന്നുണ്ട്. വിദ്യാലയങ്ങളുടെ നിലനിൽപ്പു തന്നെ ആശങ്കയിലാണ്. സമൂഹത്തിൽ പൊതു വിദ്യാലയങ്ങളുടെ സ്വീകാര്യതയ്ക്ക് മങ്ങലേൽക്കുകയും വിദ്യാർത്ഥികളുടെ ദിശാബോധത്തിനും സാമൂഹ്യപ്രതിപദ്ധതയ്ക്ക് കുറവുകൾ വരുകയും ചെയ്തിരിക്കുന്നു. ഗുണമേൻമയുള്ള വിദ്യാഭ്യാസം നൽകുക എന്നത് പ്രമേയ ലക്ഷ്യമായി പരിഗണിക്കുന്നതോടൊപ്പം അതിന്റെ പ്രയോഗക്ഷമത സാമാന്യ ജനങ്ങളിലേക്ക് എത്തിക്കുക എന്നതും പരമ പ്രധാനമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ചില പദ്ധതികൾ ആവിഷ്കരിക്കുകയും ഭംഗിയായി നടപ്പിലാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് എസ്.എൻ. ട്രസ്റ്റ്.എച്ച്.എസ്.എസ്.പള്ളിപ്പാട് 2017 -2022 വരെയുള്ള 5 വർഷം കൊണ്ടു പൂർത്തീകരിക്കുന്ന ഈ പദ്ധതി നടപ്പിലാക്കുന്നത്.

പഠനത്തോടൊപ്പം കലാപരവും കായികപരവും സാംസ്കാരികപരവുമായ നൈപുണികളെ പ്രോത്സാഹിപ്പിക്കുക അവ പ്രകടിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുകയും പഠിതാക്കളെ വിദ്യാലയ അന്തരീക്ഷവുമായി ഇണക്കിച്ചേർത്ത് കുട്ടിയുടെ സർവ്വോത്മുഖ കഴിവുകളും വളർച്ചയും ലക്ഷ്യം വച്ചുള്ള ഒരു വികാരമാക്കി മാറ്റാനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. മാറിവരുന്ന ബോധനശാസ്ത്രവും പഠനശാസ്ത്രവും രൂപം നൽകുന്ന പുത്തൻ ആശയങ്ങളും നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗങ്ങളും പരസ്പരപൂരകങ്ങളാക്കികൊണ്ട് വിദ്യാർത്ഥികൾക്ക് വിഭിന്നങ്ങളായ പഠനാനുഭങ്ങൾ ഒരുക്കി അവർക്ക് പഠനത്തോടുള്ള താല്പര്യവും അഭിരുചിയും വളർത്തി, വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് ക്ലാസ്സ് മുറികൾ

Scanned with OKEN Scanner

ഹൈടെക് ആക്കി സ്കൂളിനെ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്ഥാപനമായി ഉയർത്തികൊണ്ടു വരുക എന്നതാണ് പദ്ധതിയുടെ പരമമായ ലക്ഷ്യം.


1 മുതൽ 12 വരെയുള്ള ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും നൈപുണികളും ധാരണകളും അവരുടെ കഴിവിനനുസരിച്ച് നേടിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനുള്ള പഠനക്രമം ഉറപ്പാക്കുക. കുട്ടികളുടെ സർഗ്ഗപര മായ കഴിവുകളെ വികസിപ്പിക്കുന്ന തരത്തിലുള്ള പഠനക്രമത്തിന് ഊന്നൽ നൽകുക. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുന്ന വിദ്യാഭ്യാസ രീതി പിൻതുടരും. എല്ലാ കുട്ടികൾക്കും സ്കൂൾ പ്രവേശനം ഒരുക്കും. സ്കൂൾ പ്രവേശനം നേടിയ എല്ലാ കുട്ടികളെയും പ്ലസ്സ് ടു തലം വരെ പൂർത്തിയാക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കും . കൊഴിഞ്ഞു പോക്ക് എന്ന അവസ്ഥ ഇല്ലാതാക്കും. കുട്ടികൾക്ക് ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ ഉറപ്പാക്കും. ആരോഗ്യസംരക്ഷണത്തിനുതകുന്ന തരത്തലുള്ള പ്രവർത്തനങ്ങൾ, ജാതി-മത, ലിംഗ വ്യത്യാസമില്ലാത്ത ഒരു സമൂഹം സൃഷ്ടിച്ചെടുക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുക. സവിശേഷ സഹായം ആവശ്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി അവരുടെ വിദ്യാഭ്യാസ പരവും കലാപരവും കായിക പരവും മാനസികപരവുമായ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ഒരു വിദ്യാഭ്യാസ രീതി പിൻതുടരുക. എല്ലാ കുട്ടികളെയും മികവിന്റെ ഉടമകളാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്തുക.

2009 ലെ വിദ്യാഭ്യാസ നിയമപ്രകാരം ആറിനും പതിനാലു വയസ്സിനും ഇടയിലുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസത്തിനുള്ള അവകാശം നടപ്പിലാക്കി.



Scanned with OKEN Scanner

# PICTORIAL REPRESENTATION OF THE STRENGTH OF STUDENTS OF SNTHSSNANGIARKULANGARA FROM 2023-24 TO 2025-26




## അധ്യാപക അനധ്യാപകരുടെ എണ്ണം
## എച്ച്.എസ്. വിഭാഗം

| തസ്തിക/വിഷയം | 2014–15 | 2015–16 | 2016–17 | 2017–18 | 2018–19 | 2019–20 | 2020–21 | 2021–22 | 2022–23 | 2023–24 | 2024–25 |
|---|---|---|---|---|---|---|---|---|---|---|---|
| എച്ച്.എസ്.എ മലയാളം | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 |
| എച്ച്.എസ്.എ ഇംഗ്ലീഷ് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| എച്ച്.എസ്.എ ഹിന്ദി | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| എച്ച്.എസ്.എ സോഷ്യൽ സയൻസ് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| എച്ച്.എസ്.എ ഫിസിക്കൽ സയൻസ് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| എച്ച്.എസ്.എ നാച്ചുറൽ സയൻസ് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| എച്ച്.എസ്.എ കണക്ക് | 2 | 2 | 2 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| ഹെഡ് മാസ്റ്റർ | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| ക്ലാർക്ക് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| ഓഫീസ് | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 |
| എഫ്.ടി.എം | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |

Scanned with OKEN Scanner

## എസ്.എസ്.എൽ.സി ഫലം

| വർഷം | ആൺ | പെൺ | ആകെ | ശതമാനം% | വിജയിച്ചവർ | | |
|---|---|---|---|---|---|---|---|
| | | | | | ആൺ | പെൺ | ആകെ |
| 2014 | 28 | 22 | 50 | 96% | 27 | 21 | 48 |
| 2015 | 21 | 24 | 45 | 100% | 21 | 24 | 45 |
| 2016 | 47 | 15 | 62 | 100% | 47 | 15 | 62 |
| 2017 | 48 | 19 | 67 | 99% | 47 | 19 | 66 |
| 2018 | 45 | 17 | 62 | 100% | 45 | 17 | 62 |
| 2019 | 29 | 9 | 38 | 100% | 28 | 9 | 38 |
| 2020 | 39 | 17 | 56 | 100% | 39 | 17 | 56 |
| 2021 | 37 | 14 | 51 | 100% | 37 | 14 | 51 |
| 2022 | 35 | 14 | 49 | 100% | 35 | 14 | 49 |
| 2023 | 55 | 16 | 71 | 100% | 55 | 16 | 71 |
| 2024 | 39 | 10 | 49 | 100% | 39 | 10 | 49 |
| 2025 | 29 | 16 | 45 | 100% | 29 | 16 | 45 |

## പൊതു ലക്ഷ്യങ്ങൾ
## ലക്ഷ്യങ്ങൾ
## വിദ്യകൊണ്ട് പ്രബുദ്ധരാകുക

- ❖ വിദ്യാർത്ഥികളുടെ സമഗ്രവും പരിപൂർണ്ണവുമായ വികാസം.
- ❖ എല്ലാ കുട്ടികൾക്കും അിറവിന്റെ ഉയർന്ന തലങ്ങളിൽ എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കുക.
- ❖ തുല്യ അവസരം, സമൂഹ്യനീതി, ഗുണത എന്നിവ ഉറപ്പാക്കുന്ന പഠനാന്തരീക്ഷവും പഠനപരിസരവും ഒരുക്കൽ.
- ❖ ആധുനീക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയിട്ടുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ള ഹൈടെക് വിദ്യാലയമാക്കി മാറ്റുക.
- ❖ സമഗ്രഗുണമേന്മാ വിദ്യാലയം സാധ്യമാക്കും.
- ❖ നാടിന്റെ വിഭവങ്ങൾ തിരിച്ചറിയുക, ജൈവകൃഷി നടപ്പിലാക്കും, കാർഷിക സംസ്ക്കാരം കുട്ടികളിൽ വളർത്തിയെടുക്കും - പരിസ്ഥിതി സംരക്ഷണ പരിസ്ഥിതി പഠനപ്രവർത്തനങ്ങൾ നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- ❖ പഠനത്തിൽ പ്രത്യേക പരിഗണന ലഭിക്കേണ്ടവർക്ക് അത് സാധ്യമാക്കും
- ❖ ജനാധിപത്യരീതിയിലുള്ള വിദ്യാഭ്യാസ പ്രവർത്തനം
- ❖ ആധുനിക സൗകര്യങ്ങളോടുകൂടിയ വായനശാല, ലബോറട്ടറി ഇവ ഒരുക്കുക.
- ❖ ലഹരി പദാർത്ഥങ്ങൾക്കെതിരെയുള്ള മനോഭാവം കുട്ടികളിൽ വളർത്തിയെടുക്കുന്നതിനുള്ളപ്രവർത്തനങ്ങൾ നടത്തുക. കൗൺസിലിംഗ് ബോധവൽക്കരണം.

Scanned with OKEN Scanner

- കലാകായിക പ്രവർത്തിപരിചയ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഒരുക്കൽ, പങ്കാളിത്ത താൽപര്യം ഉറപ്പുവരുത്തുക
- സമഗ്രപഠനം സമ്പൂർണ്ണ വിജയം എന്ന സ്കൂൾ മാനേജ്മെന്റ് പഠന പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയിലേക്കുള്ള തനതുപ്രവർത്തനങ്ങൾ ആവിഷ്കരിക്കുക
- വിലയിരുത്തലുകൾ ശക്തിപ്പെടുത്തുക
- വിദ്യാർത്ഥികളെ സമൂഹ്യ പ്രതിബദ്ധതയുള്ളവരും മികച്ച പൗരന്മാരുമാക്കി മാറ്റുന്നതിനും സമൂഹത്തിൽ അവന്റെ സ്ഥാനം തിരിച്ചറിയാനുതകുന്ന പ്രവർത്തനപരിപാടികൾ നടപ്പിലാക്കുക.
- കുട്ടി ഓരോ ക്ലാസിലും ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടികളുടേയും പരമാവധി കഴിവിനനുസരിച്ച് നേടിയെടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിയ്ക്കുന്നതിനും അവസരം ഒരുക്കുക.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവിശ്യമായ പഠനോപകരണങ്ങൾ ഭൗതീക സാഹചര്യങ്ങൾ എന്നിവ ഉറപ്പാക്കുക.
- ഉന്നതനിലവാരമുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണപരിപാടികൾ ആസൂത്രണം ചെയ്യുക, മുഴുവൻ അധ്യാപകരേയും പങ്കെടുപ്പിക്കുക
- ഗവേഷണാത്മക അധ്യാപനത്തിനും പഠത്തിനും അവസരം ഒരുക്കും.
- പഠനപിന്നോക്കാവസ്ഥ പരിഹരിയ്ക്കും.
- ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം, അതിന്റെ ദുഷ്യവശങ്ങൾ എന്നിവ ബോധ്യപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും.
- പ്ലാസ്റ്റിക് - കീടനാശിനി - ലഹരി മുക്ത കാമ്പസുകൾ സൃഷ്ടിക്കപ്പെടും.
- കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ഉൾക്കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് സ്കൂളിൽ നടപ്പിലാക്കുക
- സ്കൂൾ പ്രവർത്തനങ്ങളിൽ ജനകീയ ഇടപെടൽ ഉറപ്പാക്കി സ്കൂൾ പ്രവർത്തനം ശക്തിപ്പെടുത്തുക.
- അന്താരാഷ്ട്രനിലവാരമുള്ള പഠനം ഉറപ്പുവരുത്തുന്നതിനാവിശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ ഉറപ്പാക്കുക.
- സൗജന്യവും നിർബന്ധിത വിദ്യാഭ്യാസവും എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക.

Scanned with OKEN Scanner

# വിദ്യാലയ ചരിത്രം

## "വിദ്യാധനം സർവ്വധനാൽ പ്രധാനം"

ആരാധ്യനായ ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിൽ 2003 ൽ ആരംഭിച്ച സരസ്വതി ക്ഷേത്രമാണ് ശ്രീനാരായണാ ട്രസ്റ്റ് ഹയർസെക്കന്ററി സ്കൂൾ പള്ളിപ്പാട് നങ്ങ്യാർകുളങ്ങര. ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് മുൻസിപ്പാലിറ്റിയിൽ പള്ളിപ്പാട് പഞ്ചായത്തിൽ നങ്ങ്യാർകുളങ്ങരയിൽ ടി കെ മാധവ മെമ്മോറിയൽ കോളേജിന് സമീപം സ്ഥിതി ചെയ്യുന്നു. 1998 ൽ കോളേജുകളിൽ നിന്ന് പ്രീഡിഗ്രി കോഴ്സുകൾ വേർപെടുത്തിയതിനെ തുടർന്ന് ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ നിയന്ത്രണത്തിലുള്ള കോളേജുകൾക്ക് അനേകം പ്രീഡിഗ്രി സീറ്റുകൾ നഷ്ടമായി. അങ്ങനെ ടി കെ എം കോളേജ് നങ്ങ്യാർകുളങ്ങരയ്ക്ക് നഷ്ടമായ പ്രീഡിഗ്രി സീറ്റുകൾക്ക് പകരം ഗവൺമെന്റ് അനുവദിച്ചു നൽകിയതാണീ സ്കൂൾ.

സ്കൂൾ ആരംഭിച്ച നാൾ മുതൽ ഈ സ്കൂളിന്റെ മാനേജരായി ശ്രീ. വെള്ളാപ്പള്ളി നടേശൻ പ്രവർത്തിച്ചുവരുന്നു. ഇപ്പോഴും പദവിയിൽ തുടരുന്നു. കൂടാതെ പ്രാദേശികമായി ഒരു ആർ സി സിയുടെ ചുമതലയിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. സ്കൂളിന്റെ അക്കാദമിക കാര്യനിർവ്വഹണത്തിനായി ഒരു വിദ്യാഭ്യാസ സെക്രട്ടറിയേയും മാനേജ്മെന്റ് നിയോഗിച്ചിട്ടുണ്ട്.

എസ് എൻ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള ടി കെ എം കോളേജിനോടു ചേർന്നുള്ള മൂന്നര ഏക്കർ സ്ഥലത്താണ് സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്നത്. 2003 ൽ താല്കാലിക കെട്ടിടത്തിലായിരുന്നു സ്കൂൾ തുടങ്ങിയത്. തുടർന്ന് പുതിയ രണ്ടുനിലകളിലുള്ള കെട്ടിടം പണിത് അതിലാണ് ക്ലാസുകൾ നടക്കുന്നത്. ഈ സ്കൂളിൽ 8-ാം ക്ലാസുമുതൽ 12-ാം ക്ലാസുവരെ നടക്കുന്നു. 2003 ൽ 8-ാം ക്ലാസ് 2 ഡിവിഷനുകളിലായി 86 കുട്ടികളുമായി പ്രവർത്തനം ആരംഭിച്ചു. 2004 ൽ ഹയർ സെക്കന്ററി 11 ക്ലാസ് പ്രവർത്തനം ആരംഭിച്ചു. ഈ സ്കൂളിന്റെ ആദ്യത്തെ ടീച്ചർ ഇൻ ചാർജ്ജ് ശ്രീമതി ബിന്ദുമോൾ എസ് ടീച്ചറായിരുന്നു. ടീച്ചർ 2008 വരെ തുടർന്നു. 2008 ശ്രീമതി ലളിത പി വി ഹെഡ്മിസ്ട്രസായി ചുമതലയേൽക്കുകയും 2014 മെയ് 31 വരെ തുടരുകയും മെയ് 31 ടീച്ചർ വിരമിക്കുകയും ചെയ്തു. തുടർന്ന് 2014 ജൂൺ മുതൽ ശ്രീമതി സിന്ധു എം കെ ഹെഡ്മിസ്ട്രസായി ചുമതല ഏല്ക്കുകയും ഇപ്പോഴും തുടരുകയും ചെയ്യുന്നു.

ഹയർ സെക്കന്ററി ചുമതലയും വഹിച്ചിരുന്നതിന് ടീച്ചർ ഇൻ ചാർജ്ജായ ബിന്ദു മോൾ എസ് ടീച്ചറായിരുന്നു. 2006 മുതൽ പ്രിൻസിപ്പാൾമാരെ നിയമിച്ചു. 2006 മുതൽ 2009 വരെ ശ്രീമതി ലേഖാ ബിയും 2009 മുതൽ 2010 വരെ സാബു പി.എൽ ഉം 2010 മുതൽ 2015 വരെ പ്രസന്നകുമാർ റ്റിയും 2015 മുതൽ 2016 വരെ ശ്രീമതി ലേഖാ ബിയും 2016 മുതൽ ശ്രീമതി സുമം പ്രിൻസിപ്പാൾ ആയി തുടരുന്നു.

Scanned with OKEN Scanner

വളരെ കുറച്ചു നാളത്തെ പ്രവർത്തന പാരമ്പര്യമേ ഈ സ്കൂളിന് അവകാശപ്പെടാനുള്ളൂ എങ്കിലും മികച്ച അക്കാദമിക നിലവാരം പുലർത്തുവാനും തികഞ്ഞ അച്ചടക്കത്തോടുകൂടി പ്രവർത്തിക്കുവാനും സ്കൂളിന് കഴിയുന്നുണ്ട്. എച്ച് എസ്, എച്ച് എസ് എസ് എസ് വിഭാഗങ്ങളിലായി 600 ൽ പരം കുട്ടികൾ ഈ സ്കൂളിൽ പഠിയ്ക്കുന്നുണ്ട്. എച്ച് എസ് വിഭാഗങ്ങളിലായി 5 ഡിവിഷനുകളിലായി 161 കുട്ടികൾ പഠിയ്ക്കുന്നു. എസ് എസ് എൽ സി, +2 പരീക്ഷകളിൽ ഉന്നതവിജയം കൈവരിയ്ക്കാൻ സ്കൂളിനു കഴിയുന്നു. എസ് എസ്. എൽ സി പരീക്ഷയിൽ മിക്കവർഷങ്ങളിലും 100% വിജയവും ഫുൾ ഉം സ്കൂൾ നേടിയിട്ടുണ്ട്.

കലാകായിക പ്രവർത്തിപരിചയ മേളകളിലും സംസ്ഥാന തലത്തിലെത്തി മികച്ച ഗ്രേഡുകൾ നേടുന്നതിനും കുട്ടികൾക്ക് കഴിയുന്നുണ്ട്. കേരള നടനം, ഭരതനാട്യം, ഓട്ടൻതുള്ളൽ, വഞ്ചിപ്പാട്ട്, കുച്ചിപ്പുടി, ഇംഗ്ലീഷ് പ്രസംഗം എന്നിവയിൽ സംസ്ഥാനതലത്തിൽ പലപ്പോഴും ഗ്രേഡുകൾ നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇൻസ്പെയർ അവാർഡ്, സി.വി. രാമൻ എസ്.എ മത്സരം എന്നിവയിലും സംസ്ഥാന തലത്തിൽ എത്താൻ സ്കൂളിനു കഴിഞ്ഞിട്ടുണ്ട്. കാരുണ്യ പ്രവർത്തനങ്ങളാലും സ്കൂൾ പ്രത്യേക ശ്രദ്ധ പതിപ്പിയ്ക്കുന്നുണ്ട്. അമ്മമാർക്കും കുട്ടികൾക്കുമുള്ള വിവിധ കൗൺസിലിംഗ് ക്ലാസുകൾ, ബോധവൽക്കരണ പരിപാടികൾ, ആരോഗ്യ മെഡിക്കൽ ക്യാമ്പുകൾ, യോഗാക്ലാസുകൾ, പഠനയാത്രകൾ ഇവ നടത്തിവരുന്നു.

നല്ല ശക്തമായ പി ടി എ, സ്കൂൾ വികസനസമിതി, മാനേജ്മെന്റ് എന്നിവ സ്കൂളിന്റെ പ്രവർത്തനമികവിനുവേണ്ടി പ്രവർത്തിച്ചുവരുന്നു.

സ്കൂൾ മാനേജ്മെന്റ് 2013 മുതൽ നടപ്പിലാക്കിവരുന്ന സമഗ്രപഠനം സമ്പൂർണ്ണവിജയം എന്ന പ്രോജക്ട് സ്കൂളിൽ നടപ്പിലാക്കുന്നതിലൂടെ കുട്ടികളേയും അധ്യാപകരേയും വിലയിരുത്തുന്നതിനും കുട്ടികൾക്ക് മികച്ച വിജയം നേടുന്നതിനും കലാകായിക പ്രവർത്തി പരിചയ മേളകളിൽ മികവ് പുലർത്തുവാനും കഴിയുന്നു.

ജെ ആർസി, സ്കൗട്ട്, ഗൈഡ്സ്, അസാപ്പ്, സൗഹൃദക്ലബ്ബ്, എൻ എസ് എസ്, സയൻസ്, സോഷ്യൽ സയൻസ്, എക്കോ ക്ലബ്ബ്, മാത്സ്, പരിസ്ഥിതി, ലഹരി വിരുദ്ധ, ഊർജ്ജസംരക്ഷണക്ലാസുകൾ ഇവയെല്ലാം സ്കൂളിൽ പ്രവർത്തിയ്ക്കുന്നുണ്ട്.

## വിദ്യാലയം മികവിന്റെ കേന്ദ്രം

- നമ്മുടെ സ്കൂളിന്റെ പരിസരത്തുള്ള കുട്ടികളെ സ്കൂളിലെത്തിക്കുക.
- കലാകായിക പ്രവർത്തിപരിചയ മികവുകളെ പ്രോത്സാഹിപ്പിക്കുക
- ജീവിത നൈപുണി മികവുകൾ നേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക
- 8 മുതൽ 12 വരെ ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയും വിധം പ്രവർത്തിയ്ക്കുക.

Scanned with OKEN Scanner

- എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും ശേഷികളും നൈപുണികളും മനോഭാവങ്ങളും മൂല്യങ്ങളും നേടുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലെത്തുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ.
- നമ്മുടെ നാടിന്റെ സാംസ്ക്കാരികവും കാർഷികവും സർഗ്ഗാത്മകവുമായ പാരമ്പര്യം കാത്തുസൂക്ഷിക്കുവാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുവാനുമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
- പഠന പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടുകൂടി കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിയ്ക്കൽ.
- ശുചിത്വം പ്ലാസ്റ്റിക് നിരോധിത, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് പങ്കാളിത്തം ഉറപ്പാക്കുന്ന വിദ്യാഭ്യാസ പദ്ധതി.
- പാരിസ്ഥിതികാവബോധത്തോടെ ജീവിയ്ക്കുവാനും പരിസ്ഥിതി സംരക്ഷിക്കുന്നതിന് അവബോധം സൃഷ്ടിയ്ക്കൽ.
- പ്രകൃതി തന്നെ പാഠപുസ്തകം എന്ന തത്വം ഉൾക്കൊണ്ടിട്ടുള്ള പാഠ്യപദ്ധതി.
- ഗവേഷണപഠനത്തിനും അവസരമൊരുക്കുകയും നിരന്തരവിലയിരുത്തലുകൾ നടത്തുകയും ചെയ്യുക.
- ലൈബ്രറി, ലാബ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള അധ്യാപനം
- ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ
- കലാകായിക പ്രവർത്തിപരിചയ ജീവിത നൈപുണി മികവുകൾ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

## പദ്ധതി രൂപീകരണ പ്രക്രിയ

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എ ഇ ഒ/ ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ തന്ന നിർദ്ദേശങ്ങളനുസരിച്ച് ആദ്യമായി സ്റ്റാഫ് കൗൺസിൽ വിളിച്ചുചേർത്തു. 01/01/2017 പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ പ്രാധാന്യം ചർച്ച ചെയ്തു. കാർഷിക പ്ലാസ്റ്റിക് രഹിത, ലഹരി വിമുക്ത ക്യാമ്പസ് എന്ന ആശയം നടപ്പിലാക്കുവാൻ തീരുമാനിച്ചു. /01/2017 പി ടി എ യോഗം വിളിയ്ക്കുകയും പൊതുവിദ്യാലയസംരക്ഷണയജ്ഞം- പ്രതിജ്ഞ, മനുഷ്യ ചങ്ങല, വികസന സമിതി രൂപീകരണം എന്നിവ ചർച്ച ചെയ്തു. സ്കൂൾ വികസന സമിതി രൂപീകരിയ്ക്കുവാൻ തീരുമാനിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പൊതു പ്രവർത്തകർ, സംഘടനാ



Scanned with OKEN Scanner

നേതാക്കൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൊതുജനങ്ങൾ, മാനേജ്മെന്റ് ഉൾപ്പെടുത്തിയുള്ള കമ്മിറ്റി രൂപീകരിയ്ക്കാൻ തീരുമാനിച്ചു. സ്കൂൾ വികസന സമിതിയോഗം 2/11/2017 വെള്ളിയാഴ്ച രാവിലെ 10 മണിയ്ക്ക് പി ടി എ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. മുൻസിപ്പൽ ചെയർപേഴ്സൺ സുധാ ശുശീലൻ ഉദ്ഘാടനം നിർവ്വഹിച്ചു. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, പ്ലാസ്റ്റിക് ലഹരിമുക്ത; ശുചിത്വ പൂർണ്ണമായ ഒരു വിദ്യാലയഅന്തരീക്ഷം സൃഷ്ടിയ്ക്കുന്നതിന് ഒന്നിച്ചുനിന്ന് പ്രവർത്തിയ്ക്കാം എന്നു പറഞ്ഞു. വികസനസമിതി അംഗം രാധാകൃഷ്ണൻ സാർ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. 16/02/2017, 23/03/2017 ലും വികസന സമിതി ചേരുകയും സ്കൂൾ ഹൈടെക് ആക്കുന്നതിനാവിശ്യമായ നടപടികൾ സ്വീകരിച്ചു. 05/04/2017 ൽ ചേർന്ന വികസന സമിതി യോഗത്തിൽ ക്ലാസുമുറികൾ ടൈലിട്ട് വൃത്തിയാക്കുവാനും സ്കൂൾ പെയിന്റ് അടിച്ച് വൃത്തിയാക്കുവാനും തീരുമാനിച്ചു. 23/11/2017 ൽ വിദ്യാഭ്യാസ ഓഫീസറുടെ യോഗത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്തു. സ്കൂൾ SRG യിൽ ചർച്ച ചെയ്തു. പ്രവർത്തനങ്ങൾ തുടങ്ങി. 06/12/2017 ൽ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ ചർച്ച നടന്നു. 09/01/2017 ൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ എല്ലാ വിദ്യാലയത്തിൽ നിന്നും കൊണ്ടുവന്ന കരടു മാസ്റ്റർ പ്ലാൻ അവലോകനം നടത്തി പോരായ്മയും പരിഹരിയ്ക്കുവാൻ നിർദ്ദേശങ്ങൾ തന്നു. 29.01.2018 ൽ ഡി.ഓ യുടെ നേതൃത്വത്തിൽ കരടു പ്ലാൻ അവലോകനം നടത്തുകയും പോരായ്മകൾ പരിഹരിക്കുകയും ചെയ്തു. ഫെബ്രുവരി 1 മാസ്റ്റർ പ്ലാൻ പൊതുസമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിന് നിർദ്ദേശം തന്നു.

# നിലവിലെ അവസ്ഥാവിശകലനം

## അക്കാദമികം നേട്ടങ്ങൾ

എസ്.എൻ.ട്രസ്റ്റ് പള്ളിപ്പാട് സ്കൂളിന് കുറഞ്ഞ കാലത്തെ പ്രവർത്തന പാരമ്പര്യമേയുള്ളൂ എങ്കിലും അക്കാദമിക നിലവാരത്തിൽ ഉയർന്ന നിലവാരം പുലർത്താൻ കഴിയുന്നു. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉയർന്ന നിലവാരം പുലർത്താൻ കഴിയുന്നുണ്ട്. മിക്ക വർഷങ്ങളിലും എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം കൈവരിക്കാൻ കഴിഞ്ഞിരുന്നു. കലാകായിക പ്രവർത്തി പരിചയ മേളകളിൽ സംസ്ഥാന തലത്തിൽ ഗ്രേഡുകൾ നേടുന്നതിനും കുട്ടികൾക്ക് കഴിയുന്നു. ജെ.ആർ.സി., സ്കൗട്ട്, ഗൈഡ്സ്, എൻ.എസ്.എസ്, അസാപ്പ്, സൗഹൃദക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, ലഹരി വിരുദ്ധ ക്ലബ്ബ്, സ്വീസ് ക്ലബ്ബ്, വിദ്യാരംഭം ക്ലബ്ബ്, സയൻസ് ക്ലബ്ബ്, സോഷ്യൽ സയൻസ്, കണക്ക്, ഐടി, ഇംഗ്ലീഷ് തുടങ്ങിയ ക്ലബ്ബുകളും പ്രവർത്തിക്കുന്നു. ക്ലബ്ബുകളുടെ നേതൃത്വത്തിൽ

Scanned with OKEN Scanner

ജീവകാരുണ്യപ്രവർത്തനങ്ങളും വിവിധതരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ രോഗനിർണ്ണ ക്യാമ്പുകൾ എന്നിവ നടത്തിവരുന്നു. ജീവകാരുണ്യപ്രവർത്തനങ്ങളിൽ മികച്ച സംഭാവകൾ സ്കൂൾ നൽകി വരുന്നു. ഈ വർഷവും ചികിത്സാസഹായ പദ്ധതി രൂപീകരിച്ച് സഹായം നൽകി വരുന്നു. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നക്ഷ ത്രവനം പദ്ധതി 2017- 18 വർഷം സ്കൂളിൽ ആരംഭിച്ചു.

## അക്കാദമികം – പോരായ്മകൾ

എല്ലാകുട്ടികളും ഉന്നത നിലവാരത്തിലെത്താൻ കഴിയുന്നില്ല. കുട്ടികളുടെ പഠന നിലവാരം ഉയരേണ്ടതായിട്ടുണ്ട്. സ്കൂൾ കെട്ടിടം , ക്ലാസ്സ് മുറികൾ ഇവ നവീകരിക്കപ്പെ ടേണ്ടതായിട്ടുണ്ട്. ലാബ് ലൈബ്രറി എന്നിവ നവീകരിക്കപ്പെടേണ്ടതായിട്ടുണ്ട്. കലാകാ യിക പരിശീലനത്തിന് അധ്യാപകരില്ലാത്തതും കുട്ടികളുടെ കഴിവുകളെ പരിപോഷിപ്പി ക്കുവാൻ കഴിയുന്നില്ല. പഠനോപകരണങ്ങളുടെ കുറവ് പഠനത്തെ ബാധിക്കുന്നു. കുട്ടിക ളുടെ കൃത്യനിഷ്ടയില്ലായ്മ, ഹാജർ കുറവ്, രക്ഷിതാക്കളുടെ ശ്രദ്ധക്കുറവ് ഇവ കുട്ടിക ളുടെ പഠനത്തെ ബാധിയ്ക്കുന്നു.

കുട്ടികളുടെ കുറവ് ഏറ്റവും വലിയ ഒരു പ്രശ്നമായി മാറുന്നു. സ്കൂളിന്റെ സമീപ ത്തുള്ള പരമാവധി കുട്ടികളുടെ സ്കൂളിൽ എത്തിക്കുന്നതിന് കഴിയാതെ വരുന്നു. അവർ അൺ എയ്ഡഡ് സ്കൂളിൽ ചേരുന്നു. ഇത് മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങൾ ആവി ഷ്കരിക്കേണ്ടതുണ്ട്. സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തേണ്ടതുണ്ട്.

## നിലവിലെ അവസ്ഥാവിശകലനം

### ഭൗതീകം

എസ് എൻ ട്രസ്റ്റ് മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള മൂന്നര ഏക്കർ സ്ഥല ത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. കോൺക്രീറ്റ് ചെയ്ത് വൃത്തിയാക്കിയ ഇരുനില കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിയ്ക്കുന്നത്. സ്കൂൾമാനേജ്മെന്റ് നിർമ്മിച്ചതാണ് കെട്ടിടം.8 മുതൽ 12 വരെ ക്ലാസുകളിലെ അധ്യയനം ഇവിടെ നടക്കുന്നത്.

Scanned with OKEN Scanner

# എസ്.എസ്.എൽ.സി ഫലം

| വർഷം | ആൺ | പെൺ | ആകെ | ശത മാനം | വിജയിച്ചവർ | | |
|---|---|---|---|---|---|---|---|
| | | | | | ആൺ | പെൺ | ആകെ |
| 2014 | 28 | 22 | 50 | 96% | 27 | 21 | 48 |
| 2015 | 21 | 24 | 45 | 100% | 21 | 24 | 45 |
| 2016 | 47 | 15 | 62 | 100% | 47 | 15 | 62 |
| 2017 | 48 | 19 | 67 | 99% | 47 | 19 | 66 |
| 2018 | 45 | 17 | 62 | 100% | 45 | 17 | 62 |
| 2019 | 29 | 9 | 38 | 100% | 28 | 9 | 38 |
| 2020 | 39 | 17 | 56 | 100% | 39 | 17 | 56 |
| 2021 | 37 | 14 | 51 | 100% | 37 | 14 | 51 |
| 2022 | 35 | 14 | 49 | 100% | 35 | 14 | 49 |
| 2023 | 55 | 16 | 71 | 100% | 55 | 16 | 71 |
| 2024 | 39 | 10 | 49 | 100% | 39 | 10 | 49 |
| 2025 | 29 | 16 | 45 | 100% | 29 | 16 | 45 |

## ക്ലാസ്മുറികൾ

എച്ച്.എസ്.വിഭാഗത്തിന് 6 ക്ലാസ് മുറികളും എച്ച്.എസ്.എസ് വിഭാഗത്തിന് 8 ക്ലാസു മുറികളും അധ്യാപനം നടത്തുന്നതിനായിട്ടുണ്ട്. എല്ലാ ക്ലാസുകളിലും ഇലക്ട്രിക് വർക്ക് നടത്തിയിട്ടുണ്ട്. എച്ച്.എസ്ന്റെ 2 ക്ലാസ് മുറികൾ ടൈലിട്ട് വൃത്തിയാക്കിയിട്ടു ണ്ട്. ഈ ക്ലാസ് മുറികളിൽ ഫാനും ഇട്ടിട്ടുണ്ട്. എച്ച്.എസ്.എസ് വിഭാഗത്തിന്റെ 4 ക്ലാസ് മുറികൾ ടൈലിട്ട് വൃത്തിയാക്കിയിട്ടുണ്ട്.

## ഓഫീസ് മുറികൾ

എച്ച്.എം, പ്രിൻസിപ്പാൾ പ്രത്യേകം ഓഫീസ് മുറികളുടെ ഇവ ടൈലിട്ട് വൃത്തിയാക്കിയിട്ടുള്ളതാണ്. സ്റ്റാഫ് അംഗങ്ങൾക്ക് 3 റൂമുകൾ ഉണ്ട്. തര കോൺക്രീറ്റ് ചെയ്തതാണ്. നവീകരണ പ്രവർനങ്ങൾ ആവശ്യമാണ്.

## കമ്പ്യൂട്ടർ ലാബ്

എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങൾക്ക് പ്രത്യേകം കമ്പ്യൂട്ടർ ലാബുകൾ ഉണ്ട്. ടൈലിട്ടു വൃത്തിയാക്കിയതും, ഇന്റർനെറ്റ് കണക്ഷൻ ഉള്ളതുമാണ്. എച്ച്.എസ് ലാബിൽ 11 ലാപ് ടോപ്പുകളും 2 പ്രിന്ററുകളും 2 പ്രോജക്ടറുകളും ഉണ്ട്. ഇവയെല്ലാം പ്രവർത്തനക്ഷമമാണ്. ഇനിയും കുടുതൽ കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും ലഭിക്കണം.

## ശാസ്ത്രലാബ്

എച്ച്.എസ്. വിഭാഗത്തിന് ഒരു സയൻസ് ലാബ് രൂം ഉണ്ട്. അതിൽ കുറച്ചു ഉപകരണങ്ങളും സാഘനങ്ങളും മാത്രമേയുള്ളു. ഇനിയും ലാബ് നല്ല രീതിയിൽ നവീകരിക്കേണ്ടതുണ്ട്. എച്ച്.എസ്.എസ് വിഭാഗത്തിന് ഫിസിക്സ്, കെമിസ്ട്രി, സുവോളജി ലാബുകൾ പ്രത്യേകം സജ്ജീകരിച്ചിട്ടുണ്ട്. നവീകരണങ്ങൾ ആവശ്യമാണ്.

Scanned with OKEN Scanner

## ലൈബ്രറി

എച്ച്. എസ്, എച്ച് എസ് എസ് വിഭാഗങ്ങൾക്കും കൂടി ഒരു ലൈബ്രറി ഉണ്ട്. 1500 പുസ്തകങ്ങൾ ഉണ്ട്. കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തി ലൈബ്രറി നവീകരിക്കേണ്ടതുണ്ട്.

## കുടിവെള്ള ലഭ്യത

രണ്ട് കിണറുകൾ ഉണ്ട്. 1 കുഴൽകിണറാണ്. വർഷത്തിൽ 2 പ്രാവിശ്യം കിണർ വൃത്തിയാക്കാറുണ്ട്. 2 ടാങ്കുകളും വൃത്തിയാക്കി, വെള്ളം ഹെൽത്ത് സെന്ററിൽ നിന്ന് ആളു വന്ന് വർഷത്തിൽ 4 പ്രാവിശ്യം ക്ലോറിനേറ്റ് ചെയ്യാറുണ്ട്. കുട്ടികൾക്ക് കുടിയ്ക്കുന്നതിന് വെള്ളം തിളപ്പിച്ചു നൽകുന്നു. ടാപ്പുകളുടെ എണ്ണം 16 ഉണ്ട്. ജീവനക്കാർക്ക് 8 ടാപ്പും ഉണ്ട്.

## ടോയിലറ്റ്/ യൂറിനൽസ്

| വിഭാഗം | കുട്ടികളുടെ എണ്ണം | | ടോയിലറ്റുകളുടെ എണ്ണം | | യൂറിനൽ എണ്ണം | | HS & HSS ജീവനക്കാരുടെ ടോയിലറ്റ് എണ്ണം | | | |
|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| എച്ച് എസ് വിഭാഗം | 116 | 45 | 3 | 5 | 1 | 8 | 9 | 3 | | |
| ഭിന്നശേഷിക്കാർ | 6 | 1 | 1 | | | | | | | |

## കളിസ്ഥലം /കളി ഉപകരണങ്ങൾ/ കായിക പരിശീലനം/ കലാപ്രവർത്തിപരിചയം

കളിസ്ഥലം ഉണ്ട് യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. കളിസ്ഥലം നവീകരിച്ച് വിവിധ കോർട്ടുകൾ ഒരുക്കേണ്ടതുണ്ട്. കളിയുപകരണങ്ങൾ കുറച്ച് ഉണ്ട്. കൂടുതൽ കളി ഉപകരണങ്ങൾ ഒരുക്കേണ്ടതുണ്ട്. കായിക പരിശീലനം നടത്തുന്നതിന് കായിക അധ്യാപകർ ഇല്ല. അത് പരിഹരിയ്ക്കേണ്ടതുണ്ട്. കലാപ്രവൃത്തി പരിചയപരിശീലനത്തിന് അധ്യാപകർ ഇല്ല.

## ഓഡിറ്റോറിയം

ഒരു ചെറിയ ആഡിറ്റോറിയം ഉണ്ട്. അത് നവീകരിക്കേണ്ടതുണ്ട്.

## ഉച്ചഭക്ഷണം

ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് ഒരു മുറിമാത്രമുള്ള അടുക്കളയാണ്. പുതിയരീതിയിലുള്ള സ്റ്റോർമുറി, അലമാര, ഭക്ഷണമുറി തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ അടുക്കള നിർമ്മിക്കേണ്ടതുണ്ട്. സ്കൂളിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്നു. ഗ്യാസ് ഉപയോഗിച്ച്

Scanned with OKEN Scanner

പാചകം ചെയ്യുന്നു. ഓരോ ദിവസവും പലതരത്തിലുള്ള വിഭവങ്ങളാണ്. മെനു എഴുതി പ്രദർശിപ്പിക്കുന്നു. 60 കുട്ടികൾ ഉച്ചഭക്ഷണം കഴിയ്ക്കുന്നുണ്ട്.

## പാഠപുസ്തകം, യൂണിഫോം

8-ാം ക്ലാസിലെ എല്ലാ കുട്ടികൾക്കും സൗജന്യ 2 ജോഡി യൂണിഫോം പുസ്തകങ്ങൾ എന്നിവ നൽകിയിട്ടുണ്ട്. (61 കുട്ടികൾക്ക്). അർഹരായ എല്ലാ കുട്ടികൾക്കും ഗ്രാന്റ്, സ്കോളർഷിപ്പ് എന്നിവ നേടിക്കൊടുത്തിട്ടുണ്ട്.

## ജൈവവൈവിധ്യ പാർക്ക്

നക്ഷത്രവനം പദ്ധതി ആരംഭിച്ചു. ഔഷധതോട്ടം, പച്ചക്കറിതോട്ടം, പൂന്തോട്ടം ഇവയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ചുറ്റുമതിൽ/ ഗേറ്റ്

സ്കൂളിന് ചുറ്റുമതിലും ഗേറ്റും ഉണ്ട്. മതിലിന്റെ ഉയരം കുറച്ചുകൂട്ടി ഒരു വലിയ ഗേറ്റ് സ്ഥാപിക്കേണ്ടതുണ്ട്. സ്കൂളിലേക്കുള്ള പ്രവേശന റോഡിൽ ഒരു കമാനം സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

# അവസ്ഥാവിശകലനം- സാമൂഹികം

എസ് എൻ ട്രസ്റ്റ് പള്ളിപ്പാട് സ്കൂൾ 2003 ൽ ആണ് ആരംഭിച്ചത്. കുറച്ചു വർഷത്തെ പ്രവർത്തന പാരമ്പര്യം മാത്രമേ സ്കൂളിനുള്ളൂ. ഹൈസ്കൂൾ വിഭാഗത്തിന് 1000 ൽ താഴെ കുട്ടികൾ മാത്രമാണ് ഇവിടെ പ്രവേശനം നേടിയിട്ടുള്ളത്. ഒരു പാട് സ്കൂളുകൾ സമീപത്തുള്ളതുകൊണ്ടും സാമൂഹിക പങ്കാളിത്തം കുറവാണ്. ഇവിടുന്ന് പഠിച്ചിറങ്ങിയ പൂർവ്വ വിദ്യാർത്ഥികളും അധ്യാപകരും കുറവാണ്. രക്ഷിതാക്കളുടെ വലിയൊരു സഹകരണം ലഭ്യമല്ല. പിടിഎകൾ ശക്തമാകേണ്ടതുണ്ട്. കാര്യക്ഷമമായ ഒരു പി ടി എ എക്സിക്യൂട്ടീവ് ഈ വർഷം സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ വികസന സമിതി രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നുണ്ട്. പൂർവ്വ വിദ്യാർത്ഥികളാണ് സ്കൂളിൽ എത്തുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്കൂളിനോട് സഹകരിച്ച് പ്രവർത്തിയ്ക്കുന്നുണ്ട്. ക്ലാസ് പി ടി എയിൽ എല്ലാ രക്ഷിതാക്കളും പങ്കെടുക്കാറില്ല. ഭൂരിഭാഗം കുട്ടികളും സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവരാണ്. രക്ഷിതാക്കൾക്കൾക്ക് നിത്യം ജോലിക്കു പോകുന്നവരാണ്. അതുകൊണ്ട് പലപ്പോഴും സ്കൂളിൽ പങ്കെടുക്കാൻ കഴിയാറില്ല. വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കുവയ്ക്കുന്ന പരിപാടികൾ അന്യവത്കരം

Scanned with OKEN Scanner

ച്ചുകൊണ്ടിരിക്കുന്ന ഒരു കുട്ടിയുടെ മാതാവിന് വൃക്ക രോഗ ചികിത്സയ്ക്കാവശ്യമായ സഹായം എത്തിക്കുന്നതിന് പി ടി എ, വികസനസമിതി, എം പി ടി എ, മാനേജ്മെന്റ്, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, സ്റ്റാഫ് അംഗങ്ങൾ, പൊതുജനങ്ങൾ തുടങ്ങിയവരുടെ സഹകരണത്തോടെ ചികിത്സാ പദ്ധതി നടപ്പിലാക്കുന്നു.

# പ്രശ്നങ്ങൾ, വെല്ലുവിളികൾ, പരിഹാരമാർഗ്ഗങ്ങൾ

## അക്കാദമികം, ഭൗതീകം, സാമൂഹികം

## വിഷയം : മലയാളം

### ആമുഖം

മാതൃഭാഷയുമായി ബന്ധപ്പെട്ട പദ്ധതികളാണ് ഇവിടെ വിഷയമാകുന്നത്. ഭാഷാപരമായ എല്ലാശേഷികളും 8 മുതൽ 10 വരെ കുട്ടികളിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഭാഷാപരമായി കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുകയും അത് വിദ്യാർത്ഥികളിലേക്ക് എത്തിക്കാൻ പര്യാപ്തമായ പദ്ധതികളിലൂടെ അക്കാദമിക മികവിലേക്ക് എത്തുകയുമാണ് ഉദ്ദേശം. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷാകർത്താക്കൾ എന്നിവർ നേരിടുന്ന പ്രശ്നങ്ങളും അവർക്ക് പരിഹാര പ്രവർത്തനങ്ങൾ നിർദ്ദേശിക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കാലികമായ കൂട്ടിച്ചേർക്കലുകൾക്ക് വിധേയമായി ഈ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ, വെല്ലുവിളികൾ പരിഹാരമാർഗ്ഗങ്ങൾ

അക്കാദമികം

1. 8 മുതൽ 10 വരെ വിദ്യാർത്ഥികൾക്ക് പ്രതീക്ഷിച്ച ശേഷികൾ എല്ലാം നേടാൻ കഴിയുന്നില്ല.
2. ഭാഷാപരമായ അടിസ്ഥാനശേഷികൾ പോലും 8ാംാം ക്ലാസിലെത്തുന്ന വിദ്യാർത്ഥികൾ നേടിക്കാണുന്നില്ല.
3. സർഗ്ഗാത്മക പ്രവർത്തനങ്ങളിലെത്താനുള്ള ഭാഷാശേഷി 70 % കുട്ടികൾക്കും ഇല്ല.
4. ആധുനീക സൗകര്യങ്ങളുടെ അഭാവം ഉയർന്ന നിലവാരക്കാരെ കൂടുതൽ നൈപുണികളിലെത്തിക്കാൻ പര്യാപ്തമല്ല.

ഭൗതികം

1. ക്ലാസ്മുറികൾ നൂതന പഠനതന്ത്രങ്ങൾ പ്രയോഗിക്കുന്നതിന് അനുയോജ്യമായ തലത്തിലുള്ളതല്ല.
2. ഐ സി റ്റി അധിഷ്ഠിത പഠനത്തിന് ആവശ്യമായ സൗകര്യങ്ങളുടെ അഭാവം
3. ക്ലാസ് ലൈബ്രറികൾ, ഗ്രന്ഥശാലകൾ, ലാബുകൾ തുടങ്ങിയവയുടെ അഭാവം

സാമൂഹികം

1. പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല
2. പ്രാദേശിക വിവരശേഖരണം നടത്തിയിട്ടില്ല

Scanned with OKEN Scanner

പ്രശ്നങ്ങൾ

| കാരണങ്ങൾ | പരിഹാരങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ |
|---|---|---|
| മുൻ ക്ലാസിൽ ആർജ്ജിക്കേണ്ട അറിവ് നേടാത്തത്<br>ഭാഷാ പഠനത്തോടുള്ള വിമുഖത<br>പഠനാനുഭവങ്ങളെ നിത്യ ജിവിതവുമായി ബന്ധിപ്പിക്കാൻ കഴിയുന്നില്ല. | പ്രീടെസ്റ്റിലൂടെ കുട്ടികളുടെ നിലവാരം നിർണ്ണയിച്ച് പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് അവ കൈവരിക്കാൻ അവസരം നൽകുക<br>ക്ലബ് പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ആഭിമുഖ്യം വളർത്തുക<br>വിഷയസമിതികൾ ചേർന്ന് നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തുക | പ്രീ ടെസ്റ്റ് നടത്തുക<br>ക്ലബ് പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കൽ<br>സർവ്വേകൾ സംഘടിപ്പിക്കൽ |

| കാരണങ്ങൾ | പരിഹാരങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ |
|---|---|---|
| എല്ലാ കുട്ടികളേയും പരിഗണിച്ച് ക്ലാസുകൾ കൊണ്ടുപോകാൻ കഴിയുന്നില്ല.<br>വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുന്നില്ല<br>എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല.<br>രക്ഷകർത്താക്കൾ സ്കൂളുമായി വേണ്ടത്ര ബന്ധപ്പെടുന്നില്ലകുട്ടികളുടെ പഠന നിലവാരം തിരിച്ചറിയുന്നില്ല. | എല്ലാ കുട്ടികളേയും പരിഗണിയ്ക്കുന്ന ക്ലാസ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക<br>വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ ആസൂത്രണം<br>രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ് ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കൽ | അടിസ്ഥാനശേഷി വികസന പരിപാടി<br>പ്രക്രിയാ ബന്ധിതവും ശിശു കേന്ദ്രീകൃതവും ഐ സി ടി അധിഷ്ഠിതവുമായ ആസൂത്രണം<br>ക്ലാസ് ശില്പശാല |

Scanned with OKEN Scanner

വിഷയം . ഇംഗ്ലീഷ്

ISSUE : 1 lack of real life situations in providing English as a language for communication

| Reasons | Remedial measures | Activity |
|---|---|---|
| Learner<br>1. Not confident in using English in real life situations<br>2. Only familiar with looked up classroom situations<br>3. Consider English as only an academic subject<br>Teacher<br>1. Compelled to finish the immediate tasks<br>2. Activities in the text books are not adequate at some situations | 1. Given them opportunities to speak about real life situations without bothering about the grammatical mistakes.<br>2. Give them encouragements in the form of appreciation, applause etc to motivate them to come forward. | 1. Conduct English Assembly once in a month<br>2. Conduct conversations in the classrooms by giving them situations<br>3. Celebrate 'English Day' in the schools<br>4. Conduct field trips where the situations and teachers interact each other in English only.<br>5. School post office |

| Reasons | Remedial measures | Activity |
|---|---|---|
| System<br>1. Lack of getting working hours to conduct language programmes to increase the language skills<br>2. No comprehensive evaluation to access various language skills<br>3. Lack of infrastructure to conduct language programmes<br>Parent<br>1. Not have enough knowledge about English<br>3. Consider English as an unknown language | | |

Scanned with OKEN Scanner

ISSUE : 2 Lack of providing reading skills to develop different aspects language

| Reason | Remedial measures | Activity |
|---|---|---|
| Learner<br>1. Consider reading only as the part of classroom activity.<br>2. Not able to comprehensive an unfamiliar passage<br>3. Most of them have disabilities<br>Teacher<br>1. Lack of resource in promoting extending reading<br>2. Lack of time in conducting activities in classes<br>Parent<br>1. Consider classroom as the only source to improve reading<br>2. Not aware of programmes in promotions reading skill | 1. Conduct mere programmes which enhances reading skills | 1. Conduct various competitions under the guidance of English club like write ups about authors.<br>2. Conduct news bullettines to enhance the reading skills.<br>3. List of latest arrival on English club notice board |

Issue : 3

Club activities doesn't Charter the need to promote international standards of English

| Reasons | Remedial Measures | Activity |
|---|---|---|
| Learner<br>1. Doesn't conduct club activities relevant in promoting language<br>Teacher<br>1. Lack of time in framing relevant club activities<br>System<br>1. Consider only the academic aspects of a language<br>Parent<br>Do not have awareness about the club activities in schools | I. Frame activities that araise the aesthetic sense | 1. Interact with famous personalities<br>2. Conduct film festivals under the guidance of English club<br>3. English theatre |

Scanned with OKEN Scanner

Issue : 4

Learners haven't acquired the required curriculum objectives

| Reasons | Remedial Measures | Activity |
|---|---|---|
| **Learner**<br>I. Lack of interest<br>II. Lack of exposure<br>**Teacher**<br>1. Lack of time in impleme creative activities in class rooms<br>2. Teachers are compelled to finish immediate tests<br>3. Cannot address different levels of learners | 1. Proper planning should be there in conducting classroom activities<br>2. Develop projects to enhance the basic skill of students<br>3. Conduct pre tests to assess the level of learners. | 1. Pre test<br>2. English library<br>3. Give the students English riddles<br>4. Install a language lab to acquire proficiency in English<br>5. Grammar schools should be developed and the holidays should be meant for grammar activities either as class work or assignments |

Remedial Programmes in detail

1. **Pre test**

   Learners should be assessed properly to know what they have acquired in the class. For this purpose a pre test is used and we can compare a students knowledge through pre test and post test. We can explore students with different learning styles and educational backgrounds. It helps in finding students who need extra help and helps a teacher also to do the necessary changes in the way of teaching.

2. **Enhance creative writings**

   During the academic year a literary competition in composition should be conducted small prizes can be offered for the best attempts. The teacher should set the ball rolling by composing a poem or a parody of a poem or a dialogue. This would be an interesting item in teaching techniques and the pupils would be immensely benefited.



Scanned with OKEN Scanner

The training should be in such a way that the pupils should be sensitized as to start thinking and feeling compelled in their hearts to find expression for the impulse in an altogether new way.

3. Module for remedial learning

   After identifying the slow runners we have to provide remedial learning experience to students according to our language approach. For this purpose we have to prepare multilevel activities and other learning materials.

4. Language lab

   Modern language labs are known by many names digital language lab multimedia language labs help to intergrate text images, audio and vedio that fit the learners. Learners can record their own voice and play back the recordings, interact with each other and the teacher and store results. Teacher can intervence and control the learners computer through the teachers console. The purpose of language lab is to involve students to actively participate in language learning exercise that otherwise not possible in a traditional classroom

5. ICT and Process based planning lessons

   RTE 2009 wanted to ensure ICT enabled and process based teaching learning process in the class room. To ensure that we have to identify learning activities and prepare micro level process based teaching manual.

6. Students Evaluation

   Students should also be asked to evaluate the teacher if student ratings are used for improving teaching, if can provide useful feed back. It should be accepted that students are not judges of teaching effectiveness. The judgement is often influenced by the teachers expressiveness, cordiality, personality and other factors. Students can also not be good judges of subjects matter compelence. Students rating can be used carefully in correlation with self rating, rating by other teachers, departments rating and rating by outside exports. The evaluate made by the students should not be used for personal decisions and administrative purpose.

7. Drawing up a year plan in the teaching of English

Scanned with OKEN Scanner

Planning can be long range or short range, planning of any kind involves the specification of goals or objectives in terms of learner outcomes. It means that stating objectives in terms of the competencies and skills students should acquire. Skill based objectives and proficiency based objectives are helpful in long term planning. Proficiency can be benefited in terms of functions that learners should perform, the specific contexts in which they are expected to use the language a year long planning must state

1. The central goals and purposes of teaching
2. The context organization and sequencing of content in a coherent and teachable manner.
3. The time to be spent on the various topics in the sequence.
4. The boarder skills in terms of listening, speaking, reading, writing and understanding.
5. The linguistic functions together with the grammar and vocabulary that students need to learn in order to attain the end of the year goals.

## <u>വിഷയം ഹിന്ദി</u>

### <u>ആമുഖം</u>

ഭാഷാപരമായ എല്ലാ ശേഷികളും 810 വരെയുള്ള കുട്ടികളിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഭാഷാപരമായി കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുകയും അത് വിദ്യാർത്ഥികളിലേക്ക് എത്തിക്കാൻ പര്യാപ്തമായ പദ്ധതികളിലൂടെ അക്കാദമിക മികവിലേക്ക് എത്തുകയാണ് ഉദ്ദേശം. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷാകർത്താക്കൾ എന്നിൽ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും വിശകലനം ചെയ്ത് പരിഹാര പ്രവർത്തനങ്ങൾ നിർദ്ദേശിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം

**പ്രശ്നങ്ങൾ, വെല്ലുവിളികൾ, പരിഹാരമാർഗങ്ങൾ**

<u>അക്കാദമികം</u>

ഹൈസ്കൂൾ തലത്തിലെ എല്ലാ കുട്ടികൾക്കും എല്ലാ ശേഷികളും നേടാൻ കഴിയുന്നില്ല. ഹിന്ദി ഭാഷയിലുള്ള ശേഷികൾ 25 നേടാതെയാണ് 8ാം ക്ലാസിൽ എത്തുന്നത്. അധ്യാപകർക്കും കുട്ടികൾക്കും അവരുടെ സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിന് വേണ്ടത്ര അവസരം കിട്ടുന്നില്ല.

എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ നടപ്പാക്കാൻ സാധിക്കുന്നില്ല.



Scanned with OKEN Scanner

ക്ലാസ് മുറികൾ, നൂതന പഠനതന്ത്രങ്ങൾ പ്രയോഗിക്കുന്നതിന് അനുയോജ്യമായ തരത്തിലുള്ള ഐ സി ടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ സൗകര്യമില്ല

## പ്രശ്നങ്ങൾ വെല്ലുവിളികൾ

- ഹൈസ്കൂൾ തലത്തിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.
- ഐ സി റ്റി അധിഷ്ഠിത പഠനത്തിന് ആവശ്യമായ സൗകര്യങ്ങളുടെ അഭാവം
- ക്ലാസ് ലൈബ്രറികൾ, ഗ്രന്ഥശാലകൾ, ലാബുകൾ, തുടങ്ങിയവയുടെ അഭാവം
- പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
- പ്രാദേശിക വിവരശേഖരണം നടത്തിയിട്ടില്ല.

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പദ്ധതി |
|---|---|---|
| കുട്ടികൾക്ക് ഭാഷയോടുള്ള താൽപര്യക്കുറവ് പഠനാനുഭവങ്ങളെ നിത്യജീവിതവുമായി ബന്ധിപ്പിക്കാൻ കഴിയുന്നില്ല | കുട്ടികളിൽ പ്രീ ടെസ്റ്റ് നടത്തി നിലവാരം നിർണ്ണയിക്കുക | പ്രീ ടെസ്റ്റ് |
| എല്ലാ കുട്ടികളേയും പരിഗണിച്ച് ക്ലാസ്സ് കൊണ്ടുപോകാൻ കഴിയുന്നില്ല. | വിഷയസമിതികളുമായി ചേർന്ന് നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തുക | സർവ്വേകൾ സംഘടിപ്പിക്കുക<br>അടിസ്ഥാനശേഷി വികസന പരിപാടി |
| വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നില്ല. | എല്ലാ കുട്ടികളേയും പരിഗണിക്കുന്ന ക്ലാസ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക | പ്രക്രിയ ബന്ധിതവും, ശിശു കേന്ദ്രീകൃതവും ഐ സി റ്റി അധിഷ്ഠിതവുമായ ആസൂത്രണം |
| എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല രക്ഷാകർത്താക്കൾ സ്കൂളുമായി വേണ്ടത്ര ബന്ധപ്പെടുന്നില്ല. കുട്ടികളുടെ പഠനനിലവാരം തിരിച്ചറിയുന്നില്ല | വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ ആസൂത്രണം<br>രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണക്ലാസ്സ്, ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കൽ | ബോധവൽക്കരണക്ലാസ്സ് ശില്പശാല |

# മാനവിക വിഷയങ്ങൾ

## ആമുഖം

മാനവിക വിഷയങ്ങളായി ബന്ധപ്പെട്ട പദ്ധതികളാണ് ഇതിൽ വിഷയമാകുന്നത്. മാനവിക വിഷയങ്ങളായ ചരിത്രം, ഭൂമിശാസ്ത്രം, പൗരധർമ്മം, സോഷ്യോളജി, കൊമേഴ്സ്, രാഷ്ട്രീയമീമാംസ തുടങ്ങിയവ 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന വിഷയങ്ങളിൽ കുട്ടികളും പഠനമികവ് ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മാനവിക വിഷയങ്ങൾ നേരിടുന്ന വെല്ലുവിളികൾ ചർച്ച ചെയ്തു കൊണ്ടു മാത്രമേ പദ്ധതി രൂപീകരണവും പ്രശ്നനിർണ്ണയവും സാധ്യമാകൂ. വിദ്യാഭ്യാസം തൊഴിൽ ലഭിക്കാനുള്ള ഉപാധി എന്ന നിലയിൽ മാത്രം കാണുന്ന സമൂഹത്തിന്റെ വികലമായ കാഴ്ചപ്പാട് മാറേണ്ടതുണ്ട്. മാനവിക വിഷയങ്ങൾ മാത്രം പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക പരിസരവും പഠനവിഷയമാക്കണം. വികസിത രാജ്യങ്ങളിൽ ഏറെ പ്രാധാന്യം നൽകി പഠിക്കുന്ന മാനവിക വിഷയങ്ങൾക്ക് നമ്മുടെ നാട്ടിൽ വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല. ഈ അവസ്ഥ മറികടക്കാൻ നമുക്ക് കഴിയണം. ഈ വിഷയവുമായി കുട്ടികൾ, അധ്യാപകർ എന്നിവർ നേരിടുന്ന അക്കാദമികം, ഭൗതികം, സാമൂഹ്യ പ്രശ്നങ്ങൾ എന്നിവ കണ്ടെത്തി അവ വിശകലനം ചെയ്ത് പരിഹാര പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പ്രവർത്തന പദ്ധതിയും രൂപരേഖയുമാണ് ചുവടെ ചേർത്തിരിക്കുന്നത്. കാലികമായ കൂട്ടിച്ചേർക്കലുകൾക്ക് വിധേയമായി ഈ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്.

**അക്കാദമികം**

1. 8 മുതൽ 12 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.
2. എല്ലാ കുട്ടികളേയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സാധിക്കുന്നില്ല.
3. വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക പ്രശ്നങ്ങൾ ഉണ്ട്.
4. പരിശീലനങ്ങൾ, പഠനപ്രക്രിയ, വൈവിധ്യമാക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും സഹായിക്കുന്നില്ല.

**ഭൗതികം**

1. ക്ലാസ് മുറികൾ നൂതന പഠനതന്ത്രങ്ങൾ പ്രയോഗിക്കുന്നതിന് അനുയോജ്യമായ തരത്തിലുള്ളതല്ല.
2. ഐ സി ടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ സൗകര്യമില്ല
3. ക്ലാസ് ലൈബ്രറികൾ ഇല്ല

**സാമൂഹികം**

1. പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തിയിട്ടില്ല
2. പ്രാദേശിക വിഭവശേഖരണം നടത്തിയിട്ടില്ല

Scanned with OKEN Scanner

പ്രശ്നവിശകലനം

പ്രശ്നം : 8 മുതൽ 10 വരെ എല്ലാ കുട്ടികൾക്കും പാഠ്യ പദ്ധതി നിർദ്ദേശിച്ച ശേഷികൾ ധാരണ ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പ്രശ്ന പരിഹാര നിർദ്ദേശം | പദ്ധതി |
|---|---|---|
| 1. കുട്ടികൾ മുൻ ക്ലാസിലെ ആർജ്ജിക്കേണ്ട അറിവ് നേടാത്തത്<br>2. സാമൂഹ്യ ശാസ്ത്ര പഠനത്തോടുള്ള വിമുഖത<br>3. വായനയുടെ അഭാവം<br>4. പഠനാനുഭവങ്ങളെ നിത്യ ജീവിതത്തിൽ ബന്ധിപ്പിക്കാൻ കഴിയുന്നില്ല.<br>5. വ്യക്തിഗതമായ പ്രശ്നങ്ങൾ<br>6. പലപ്പോഴും ആശയങ്ങൾ നേരിട്ട് ബോധ്യപ്പെടുത്താൻ കഴിയുന്നില്ല.<br>അധ്യാപകർ<br>1. കാലാനുസൃതമായി വിഷയസംബന്ധമായ കാര്യങ്ങൾ മനസ്സിലാക്കി അവതരിപ്പിക്കാൻ കഴിയുന്നില്ല.<br>2. ആശയ ബാഹുല്യ മൂലമുള്ള സമയക്കുറവ്<br>3. റ്റി റ്റി സി പഠനതന്ത്രത്തിനുള്ള പരിശീലനകുറവ്<br>4. ക്ലസ്റ്റർ ക്ലാസ്സുകൾ ക്ലാസ് | 1. എൻട്രി ലെവൽ പ്രീ ടെസ്റ്റിലൂടെ കുട്ടികളുടെ നില നിർണ്ണയം നടത്തുക. താഴ്ന്ന ക്ലാസുകളിലെ അടിസ്ഥാന ആശയങ്ങളിൽ പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് അവ കൈവരിക്കാൻ അവസരം നൽകുക.<br>2. ക്ലാസ് പ്രവർത്തനത്തിലൂടെ കുട്ടികളിൽ അഭിമുഖ്യം വളർത്തുക<br>3. ക്ലാസ് ലൈബ്രറികളും സ്കൂൾ ലൈബ്രറികളും പ്രയോജനപ്പെടുത്തുക<br>4. വിഷയ സമിതികൾ ചേർന്ന് നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തുക | 1. പ്രീടെസ്റ്റ് ശില്പശാല- അടിസ്ഥാന ശേഷി വികസനം<br>2. ക്ലബ്ബ് പ്രവർത്തനം<br>3. പുസ്തക സമാഹരണം -ക്ലാസ്സ് ലൈബ്രറി<br>4. വിഷയ സമിതി യോഗം<br>5. നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>6. ലോക്കൽ ടെസ്റ്റ് നിർമ്മാണം.<br>7. ഐ.ടി.സി.ആധിഷ്ഠിത പഠനം |

## വിഷയം : ശാസ്ത്രം

### ആമുഖം

അനുനിമിഷം വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാനശാഖയാണ് ശാസ്ത്രം. ആധുനീക ലോകത്തിന്റെ കുതിച്ചു ചാട്ടത്തിനനുസരിച്ച് ഭാവി പൗരസഞ്ചയത്തിന്റെ സർവ്വതോന്മുഖമായ ഉന്നമനം ലക്ഷ്യമാക്കി മുന്നേറുന്ന പ്രക്രിയ എന്ന നിലയിൽ വിദ്യാഭ്യാസത്തഛന്റ ശാസ്ത്രത്തിന് അതീവ പ്രാധാന്യം ഉണ്ട്. ശാസ്ത്രാഭ്യസനവുമായി ബന്ധപ്പെട്ട ശാസ്ത്രബോധനരീതികളിലും സമീപനങ്ങളിലും യുക്തിസഹമായ നിലപാടുകൾ നാം സ്വീകരിക്കേണ്ടതായുണ്ട്. അജ്ഞതയുടേയും അന്ധവിശ്വാസത്തിന്റേയും വലയത്തിൽ നിന്ന് രക്ഷപെടാൻ ശാസ്ത്രം സഹായിക്കുന്നു. ശാസ്ത്രീയ വിജ്ഞാനം ഉല്പാദിപ്പിക്കുകയും സാധൂകരിക്കുകയും ചെയ്യുന്നതിലേക്ക് കുട്ടിയെ നയിക്കുന്ന രീതിയിലായിരിക്കേണം പഠന പ്രക്രിയ നടക്കേണ്ടത്. ഈ പ്രക്രിയയിലൂടെ കുട്ടികളുടെ ശാസ്ത്രീയമായ സർഗ്ഗാത്മകത വളർത്തുകയും ശാസ്ത്രം പഠിക്കാൻ താല്പര്യം ഉണ്ടാക്കുകയും



Scanned with OKEN Scanner

വേണം. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യം അന്താരാഷ്ട്രനിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടികളുടേയും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നു. അതുവഴി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നത് ആണ്. ശാസ്ത്ര പഠനത്തിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിലൂടെയേ നമുക്ക് വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ കഴിയുകയുള്ളു.

## ശാസ്ത്ര പഠന പ്രശ്നങ്ങൾ

### അക്കാദമികം

- ഹൈസ്കൂൾ തലത്തിലെ എട്ട്, ഒൻപത്, പത്ത്, ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്ന എല്ലാ ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
- കുട്ടികൾക്ക് സ്വയം പ്രശ്ന പരിഹാരം നടത്താനും പരീക്ഷണങ്ങളിൽ ഏർപ്പെടാനും നിഗമനത്തിലെത്താനും കഴിയുന്നില്ല.
- ശാസ്ത്ര മനോഭാവം എല്ലാ കുട്ടികളിലും ഉണ്ടാക്കാൻ കഴിയുന്നില്ല.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ശാസ്ത്രത്തോട് താൽപര്യം ജനിപ്പിക്കാൻ കഴിയുന്നില്ല.
- പഠനപ്രവർത്തനങ്ങളുടെ ബാഹുല്യം, പഠനസമയക്കുറവ്, ഐ സി റ്റി അധിഷ്ഠിതവും, പ്രക്രിയാ ബന്ധിതവുമായ ആസൂത്രണത്തിലെ പരിമിതി എന്നിവ കുട്ടികളുടെ പഠനനേട്ടം ഉറപ്പ് വരുത്താൻ കഴിയുന്നില്ല.

### ഭൗതികം

- ശാസ്ത്രപഠനത്തിന് സഹായകമായ ക്ലാസ്സ് മുറികളുടെ അഭാവം
- ശാസ്ത്രപഠനം എളുപ്പമാക്കാൻ ഉതകുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടാൻ സഹായകമായ ശാസ്ത്രലാബിന്റെ അസൗകര്യം
- ക്ലാസ്സ് റൂമുകൾ ഐ സി റ്റി അധിഷ്ഠിത പഠനത്തിന് യോഗ്യമല്ല.
- മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ശാസ്ത്രപഠനത്തിൽ വേണ്ടത്ര പ്രാധാന്യം നല്കാൻ കഴിയുന്നില്ല.

## പ്രശ്ന വിശകലനം

| കാരണങ്ങൾ/പ്രശ്നങ്ങൾ | വെല്ലുവിളികൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|
| അടിസ്ഥാന ആശയങ്ങളിൽ ഉള്ള ധാരണക്കുറവ്<br>പഠനം പ്രയാസമാണ് എന്ന മുൻവിധി<br>മാനസിക- ശാരീരിക പ്രശ്നങ്ങൾ | സമയക്കുറവ്<br>അടിസ്ഥാന ആശയങ്ങളിലുള്ള ധാരണക്കുറവ്<br>ശാസ്ത്രപ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കു | അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രീ ടെസ്റ്റ്<br>ഓരോ അദ്ധ്യാപകന്റെ നേതൃത്വത്തിലും കുട്ടികളുടെ പഠനഗ്രൂപ്പ് ഉണ്ടാ |



Scanned with OKEN Scanner

| | | |
|---|---|---|
| പഠനാനുഭവങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.<br>ആശയങ്ങൾ പ്രായോഗികമായി ബോദ്ധ്യപ്പെടാൻ അവസരങ്ങൾ കുറവ്<br>പാഠ്യപദ്ധതിയിലെ ഉള്ളടക്കം കൂടുതലായതിനാൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല.<br>വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾ ഉള്ളതിനാൽ വ്യക്തിഗത ശ്രദ്ധയ്ക്കുള്ള സമയക്കുറവ്<br>ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത<br>രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠനനിലവാരം വിലയിരുത്താനോ മാർഗ്ഗ നിർദ്ദേശം നല്കാനോ കഴിയുന്നില്ല.<br>ഭിന്നശേഷി ക്കാരായവരുടെ ആവശ്യം പരിഗണിച്ചുള്ള ഭൗതിക സൗകര്യങ്ങൾ, പാഠ്യ പദ്ധതി, പാഠപുസ്തകം, പഠന പ്രവർത്തനങ്ങൾ എന്നിവ ഇല്ല. | ന്നതിനുള്ള പഠനയാത്രകൾ സംഘടിപ്പിക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ട്<br>computer lab, internet, smart classroom തുടങ്ങിയവയുടെ അപര്യാപ്തത<br>പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് ആശയങ്ങൾ കൈവരിക്കാൻ ഉള്ള അവസരക്കുറവ്<br>വിദഗ്ദ്ധരുടെ അഭാവം<br>ശാസ്ത്ര ലാബിന് വേണ്ട സൗകര്യം ലഭിക്കാതെ വരുന്നു. ഉപകരണം, രാസവസ്തുക്കൾ തുടങ്ങിയവയുടെ ലഭ്യതക്കുറവ്<br>ഭിന്ന നിലവാരം പരിഗണിച്ചുള്ള പഠനസാമഗ്രികളുടെ ലഭ്യതക്കുറവ്<br>റിസോഴ്സ് അദ്ധ്യാപകരുടെ അപര്യാപ്തത | ക്കുക<br>കുട്ടികളുടെ ഇടയിൽ മത്സരങ്ങൾ, ശാസ്ത്രനാടകങ്ങൾ, ദിനാചരണങ്ങൾ, പ്രോജക്ട് പ്രകാശനം ഇവ നടത്തണം<br>ശാസ്ത്രത്തിൽ മികവാർന്ന കുട്ടികൾക്കുള്ള പ്രത്യേക പരിശീലനം വിദഗ്ധരെക്കൊണ്ട് നടത്തുക<br>എല്ലാ ക്ലാസ്മുറികളും ഹൈടെക് ആക്കുക<br>ശാസ്ത്രപഠനം പ്രവർത്തനാധിഷ്ഠിതമാക്കാൻ ശാസ്ത്രലാബിനെ വിവിധ ഉപകരണങ്ങൾ രാസവസ്തുക്കൾ ഇവ തരംതിരിച്ച് ക്യാറ്റലോഗ് തയ്യാറാക്കുക.<br>ശാസ്ത്രസംബന്ധമായ മാസികകൾ മറ്റ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ ഇവ ഉൾപ്പെടുത്തി ശാസ്ത്ര ലൈബ്രറി നിർമ്മിക്കുക.<br>ആവശ്യമായ റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുക. ഭിന്ന നിലവാരം പരിഗണിച്ചുള്ള പാഠ്യപദ്ധതി പരീക്ഷണം പുസ്തക പ്രവർത്തനം ഇവ ഏർപ്പെടുത്തുക. |



Scanned with OKEN Scanner

# ഗണിതം

## ആമുഖം

ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട പദ്ധതികളാണ് ഇതിൽ വിഷയമാകുന്നത്. ഗണിതവുമായി ബന്ധപ്പെട്ട പാഠഭാഗങ്ങളിൽ പഠന മികവ് ഉറപ്പാക്കുകയും ഗണിത പരമായ എല്ലാശേഷികളും 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളിൽ എത്തിക്കുക എന്നതുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഗണിതപരമായി കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുകയും അതു വിദ്യാർത്ഥികലിലേക്ക് എത്തിക്കാൻ പര്യാപ്തമായ ആസൂത്രണത്തിലൂലെയും മാത്രമേ അക്കാദമിക മികവ് കണ്ടെത്താൻ കഴിയുകയു. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷകർത്താക്കൾ, എന്നിവർ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും വിശകലനം ചെയ്ത് പരിഹാര പ്രവർത്തന ങ്ങൾ നിർദ്ദേശിക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കാലികമായ കുട്ടിച്ചേർക്കലുകൾക്ക് വിധേയമായി ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ, പരിഹാരങ്ങൾ

### അക്കാദമികം

1. 8 മുതൽ 10 വരെ എല്ലാ വിദ്യാർത്ഥികൾക്കും പാഠ പദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണകൾ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.
2. ഗണിതപരമായ അടിസ്ഥാന ശേഷികൾ പോലും 8-ാം ക്ലാസ്സിൽ എത്തുന്ന കുട്ടികൾ സ്വായത്തമാക്കുന്നില്ല.
3. ഉയർന്ന ഗണിത സൗകര്യങ്ങളുടെ അഭാവം ഉയർന്ന നിലവാരക്കാരെ കൂടുതൽ നൈപുണികളിലേക്ക് എത്തിക്കാൻ പര്യാപ്തമല്ല.

### ഭൗതീകം

1. ക്ലാസ്സ് മുറികൾ നൂതന പഠനതന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് അനുയോജ്യമായ തരത്തിലല്ല.
2. ഐ.സി.ടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ സൗകര്യമില്ല.
3. ലൈബ്രറി, ഗണിതലാബ് തുടങ്ങിയവയുടെ അഭാവം.

### സാമൂഹികം

1. പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തിയിട്ടില്ല.
2. പ്രാദേശിക വിവര ശേഖരണം നടത്തിയിട്ടില്ല

### പ്രശ്ന വിശകലനം

Scanned with OKEN Scanner

| ക്രമ നം | കാരണങ്ങൾ | പരിഹാരങ്ങൾ | പദ്ധതി പ്രവർത്തനം |
|---|---|---|---|
| 1 | മുൻ ക്ലാസ്സുകളിൽ ആർജ്ജിക്കേണ്ട അറിവു നേടാത്തത് | പ്രീ ടെസ്റ്റിലൂടെ കുട്ടികളുടെ നിലവാരം നിർണ്ണയിച്ച് പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് അവ കൈവരിക്കാനുള്ള അവസരം നൽകുക | പ്രീ ടെസ്റ്റ് നടത്തുക |
| 2 | ഗണിത പഠനത്തോടുള്ള വിമുഖത | ക്ലാസ്സ് പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ആഭിമുഖ്യം വരുത്തുക | ക്ലബ്ബ് പ്രവർത്തനം കാര്യക്ഷമമായി സൃഷ്ടിക്കൽ |
| 3 | പഠനാനുഭവങ്ങളെ നിത്യജീവിതവുമായി ബന്ധിപ്പിക്കാൻ കഴിയുന്നില്ല. | വിഷയ സമിതികൾ ചേർന്ന് നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തുക | ക്ലാസ്സ് സർവ്വേകൾ സംഘടിപ്പിക്കുക |

# മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാ ശേഷി വികസനം<br>ക്ലാസ് ലൈബ്രറി രൂപീകരണം<br>ഗ്രന്ഥശാലാ നവീകരണം<br>സെമിനാർ/ അഭിമുഖം<br>നാടകക്കളരി<br>ഷോർട്ട് ഫിലിം പ്രദർശനം<br>ദിനാചരണങ്ങൾ<br>ഡിജിറ്റൽ ലൈബ്രററി നിർമ്മാണം<br>കഥയരങ്ങ്, കവിയരങ്ങ്<br>ശാസ്ത്രലാബ് നവീകരണം<br>പഠനയാത്രകൾ<br>പ്രതിഭാ പോഷണ പരിപാടികൾ<br>ശാസ്ത്രമേളകൾ<br>ശാസ്ത്ര കലണ്ടർ<br>ശാസ്ത്രമാജിക്<br>മൂല്യനിർണ്ണയം<br>മാലിന്യ സംസ്കരണം<br>സാമൂഹ്യശാസ്ത്രലാബ്<br>ഡിബേറ്റ് ക്ലബ്ബ്<br>മോക്ക് പാർലമെന്റ്<br>ബുള്ളറ്റിൻ ബോർഡ്<br>ചരിത്രകലണ്ടർ<br>എംബ്ലെ പുരാണം<br>ജൈവ വൈവിധ്യ പാർക്ക്<br>ഗണിതം | ചുറ്റുമതിൽ, ഗേറ്റ്,<br>കമാനം നവീകരണം<br>കളിസ്ഥലം<br>ഓഫീസ്, സ്റ്റാഫ് റൂം<br>ക്ലാസ് മുറികൾ<br>ലാബ് ശാസ്ത്ര ലാബ്<br>ഐ ടി ലാബ്<br>ലൈബ്രറി<br>കുടിവെള്ളം<br>പാചകപ്പുര<br>ഡൈനിംഗ് ഹാൾ<br>സ്റ്റോർമുറി<br>ശുചിമുറികളുടെ നിർമ്മാണം<br>അസംബ്ലി ഹാൾ / ആഡിറ്റോറിയം<br>ജൈവ വൈവിധ്യ പാർക്ക്<br>സ്കൂൾ മാർക്കറ്റ് | പി ടി എ, എം പി ടി എ ശാസ്തീകരണം<br>കാരുണ്യപദ്ധതികൾ<br>ലൈബ്രറി പുസ്തകശേഖരണം<br>ജൈവ വൈവിധ്യ പാർക്ക്<br>പൂർവ്വ വിദ്യാർത്ഥി സംഗമം<br>വിദ്യാലയ വികസന സമിതി |



Scanned with OKEN Scanner

# പദ്ധതി വിശദാംശങ്ങൾ

## പദ്ധതി വിശദാംശങ്ങൾ

മേഖല - അക്കാദമികം

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് - ഭാഷാശേഷി

ഉപമേഖല - മലയാളം - എല്ലാ കുട്ടികളും എഴുത്തും വായനയും അറിയുന്നവരാകുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാവർക്കും എഴുത്തും വായനയും | മലയാളത്തിളക്കം - ശ്രദ്ധ, നവപ്രഭ തുടങ്ങിയ പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കിക്കൊണ്ട് കുട്ടികളെ അടിസ്ഥാന ഭാഷ നൈപുണികൾ നേടാൻ സഹായിക്കുക | ആഴ്ചയിൽ മൂന്ന് ദിവസം വൈകുന്നേരവും രാവിലേയും ഓരോ മണിക്കൂർ | മലയാള അധ്യാപിക വിദ്യാരംഗം കലാസാഹിത്യവേദിയിൽ മികച്ച വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുന്നു. | |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് - ക്ലാസ് ലൈബ്രറി രൂപീകരണം

ഉപമേഖല - മലയാളം - എല്ലാ കുട്ടികളിലും വായനാശീലം വളർത്തുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന ഒരു ദിനചര്യ യാക്കി മാറ്റൽ | ക്ലാസ് ലൈബ്രറി രൂപീകരിയ്ക്കൽ- പിറന്നാളിനൊരു പുസ്തകം പദ്ധതിയിലൂടെ ഓരോ കുട്ടിയിൽ നിന്നും പുസ്തകം ശേഖരിക്കുന്നു. സ്പോൺസർമാർ, പൂർവ്വവിദ്യാർത്ഥികൾ എന്നിവരിൽ നിന്ന് പുസ്തകങ്ങൾ ശേഖരിക്കുന്നു | വർഷം മുഴുവൻ | മലയാളം അധ്യാപകർ, വിദ്യാരംഗം കലാസാഹിത്യ വേദി, ആർട്സ് ക്ലബ് | സ്പോൺസർമാർ |

Scanned with OKEN Scanner

പ്രവർത്തനം -3

പ്രവർത്തനത്തിന്റെ പേര് - ഗ്രന്ഥശാലാനവീകരണം

ഉപമേഖല - നല്ല എഴുത്തുകാരേയും വായനക്കാരേയും സൃഷ്ടിയ്ക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച സാഹിത്യസൃഷ്ടികൾ പരിചയപ്പെടൽ | പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേക സ്ഥാപനങ്ങൾ, സ്പോൺസർമാർ, പ്രദേശവാസികൾ, പി ടി എ ഇവയുടെ സഹായത്തോടെ പുസ്തകം ശേഖരിച്ച്, മികച്ച ഭൗതിക സാഹചര്യങ്ങളൊരുക്കി സ്കൂൾ ഗ്രന്ഥശാല നവീകരിക്കൽ | ജൂൺ, ജൂലൈ 2 മാസം | പി ടി എ, വിദ്യാരംഗം കലാസാഹിത്യ വേദി, ആർട്സ് ക്ലബ് | സ്പോൺസർമാർ |

പ്രവർത്തനം -4

പ്രവർത്തനത്തിന്റെ പേര് - അഭിമുഖം, സെമിനാർ

മേഖല - സർഗ്ഗശേഷി വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷി വികസനം | സ്കൂൾ തല സെമിനാറുകൾ സംഘടിപ്പിക്കുന്നു. സെമിനാറുകളുടെ ഭാഗമായി സാഹിത്യകാരന്മാർ, മികച്ച കലാകാരന്മാർ തുടങ്ങിയവരുമായി അഭിമുഖം സംഘടിപ്പിക്കൽ | വർഷത്തിൽ 2 തവണ | പി ടി എ, ഭാഷാധ്യാപകർ, ആർട്സ് ക്ലബ് | പി ടി എ, സ്പോൺസർ |

പ്രവർത്തനം -5

പ്രവർത്തനത്തിന്റെ പേര് - നാടകക്കളരി

ഉപമേഖല - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | 8,9,10 ക്ലാസുകളിലെ ചെറുകഥ, നോവൽ ഭാഗങ്ങൾ തുടങ്ങിയവ നാടകമായി മാറ്റിയെഴുതി അരങ്ങിൽ അഭിനയിക്കൽ | മാസത്തിൽ ഒന്ന് | വിദ്യാരംഗം, മലയാളം അധ്യാപകർ | - |

Scanned with OKEN Scanner

പ്രവർത്തനം -6

പ്രവർത്തനത്തിന്റെ പേര് - ഷോർട്ട് ഫിലിം പ്രദർശനം

ഉപമേഖല - കലാശേഷി, ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉയർന്ന ആസ്വാദന ശേഷിയും ഭാഷാശേഷിയും നേടൽ | ഐ സി ടി സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന ഷോർട്ട് ഫിലിം കണ്ടെത്തൽ, പ്രദർശനം, അതിന്റെ മുന്നോടിയായി സംഘടനപ്രവർത്തനങ്ങൾ, നോട്ടീസ്, പോസ്റ്റർ, ക്ഷണക്കത്ത് എന്നിവ തയ്യാറാക്കൽ | 3 മാസത്തിൽ ഒരിക്കൽ, ജൂലൈ, ഒക്ടോബർ, ജനുവരി | ആർട്സ് ക്ലബ്, വിദ്യാരംഗം, ഭാഷാധ്യാപകർ | - |

പ്രവർത്തനം -7

പ്രവർത്തനത്തിന്റെ പേര് - ദിനാചരണം

ഉപമേഖല - സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധശേഷികൾ നേടൽ | വർഷം മുഴുവനുമുള്ള ദിനാചരണങ്ങൾ, നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കൽ, പ്രസംഗം, ഉപന്യാസം, നോട്ടീസ്, പോസ്റ്റർ തുടങ്ങി വിവിധ പ്രവർത്തനങ്ങളിലൂടെ ഭാഷാശേഷികൾ വികസിപ്പിക്കൽ | വർഷം മുഴുവൻ | വിവിധ ക്ലബുകൾ S.R.G | - |



Scanned with OKEN Scanner

പ്രവർത്തനം -8

പ്രവർത്തനത്തിന്റെ പേര് - ഡിജിറ്റൽ ലൈബ്രറി നിർമ്മാണം

ഉപമേഖല - സർഗശേഷി പോഷണം, നവമാധ്യമങ്ങൾ പരിചയപ്പെടൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ ശേഷി പോഷ ണം, നവമാ ധ്യമ ങ്ങൾ പരിച യപ്പെ ടൽ | കമ്പ്യൂട്ടർ, ഇന്റർനെറ്റ് വിവിധ അനുബന്ധ ഉപക രണങ്ങൾ ഇവയുടെ സഹായത്തോടെ ബ്ലോഗു കൾ നിർമ്മിക്കൽ, കുട്ടിക ളുടെ സൃഷ്ടികൾ, പോസ്റ്റ് ചെയ്യൽ, നവ മാധ്യമങ്ങളെ പരിചയപ്പെടൽ അവയിൽ നിന്ന് നല്ല സാഹിത്യസൃ ഷ്ടികൾ, കലാമൂല്യമുള്ള കൃതികൾ ഇവ കണ്ടെത്തി മൊത്തം സർഗശേഷി വികസനം | ആഴ്ചയിലൊ രിക്കൽ ഓരോ ക്ലാസിന് | എല്ലാ അധ്യാ പകരും | പി ടി എ, സ്പോൺസർ |

പ്രവർത്തനം -9

പേര് - ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല - ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് സംസാരി യ്ക്കുവാനും എഴുതു വാനും കഴി യുന്ന നിലവാ രത്തിലേക്ക് കുട്ടികളെ എത്തിക്കൽ | കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളുടെ അവതരണം, പ്രദർശനം, വിലയിരുത്തലു കൾ | വർഷ ത്തിൽ ഒരു പ്രാവിശ്യം | പി ടി എ എച്ച് എം, ഇംഗ്ലീഷ് ടീച്ചർ | |



Scanned with OKEN Scanner

പ്രവർത്തനം -10

പേര് - ഗ്രാമർ പഠനം

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗ്രാമർ തറവാക്കുക, വഴി നല്ലതായി ഭാഷ ഉപയോഗിക്കാൻ കഴിവും നേടുക | അവധി ദിവസങ്ങളിൽ ഗ്രാമറിന് പ്രാധാന്യം കൊടുത്തുകൊണ്ട് ക്ലാസുകൾ നടത്തുക | ഒരു ടേമിൽ 3 ക്ലാസ് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം -11

പേര് - ഇംഗ്ലീഷ് കോർണർ

ഉപമേഖല - ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനം എളുപ്പമാക്കുക | ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ ശേഖരിച്ച് ക്ലാസിൽ സജ്ജീകരിക്കുക. ഇംഗ്ലീഷ് വാർത്തകൾ ക്ലാസ് റൂമിൽ പ്രസിദ്ധീകരിക്കുക | എല്ലാ മാസവും | ഇംഗ്ലീഷ് ക്ലാസ് | |

പ്രവർത്തനം -12

പേര് - ഇംഗ്ലീഷ് അസംബ്ലി

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കുന്നതിനും എഴുതുന്നതിനും സംസാരിയ്ക്കുന്നതിനുമുള്ള ശേഷി വികസിപ്പിയ്ക്കുന്നതിന് | ആഴ്ചയിൽ 2 ദിവസം കുട്ടികൾ ഇംഗ്ലീഷിൽ അസംബ്ലി അവതരിപ്പിക്കുക. ചുമതല ഓരോ ക്ലാസിനും | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | - |



Scanned with OKEN Scanner

പ്രവർത്തനം -13

പേര് - ഇംഗ്ലീഷ് ഡയറി

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി നേടൽ | ഓരോ ദിവസവും സ്കൂളിലും വീട്ടിലും നടക്കുന്ന കാര്യങ്ങൾ ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുന്നു. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |

പ്രവർത്തനം -14

പേര് - ഇംഗ്ലീഷ് ബുള്ളറ്റിൻ

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിയ്ക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയത്തെ ആസ്പദമാക്കി ബുള്ളറ്റിൻ തയ്യാറാക്കൽ | മാസത്തിൽ ഒന്ന് | എച്ച് എം, ഇംഗ്ലീഷ് അദ്ധ്യാപിക | 2000/- പി ടി എ |

പ്രവർത്തനം - 15 ഭാഷാശേഷികൾ വികസിപ്പിക്കുക

മേഖല - അക്കാദമികം

ഉപമേഖല - ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|---|
| 1 | ഹിന്ദി പഠനാന്തരീക്ഷം സൃഷ്ടിക്കുക | ക്ലാസ്സ് മുറികളിൽ ഹിന്ദി പത്രങ്ങൾ, മാസികകൾ എന്നിവയിലൂടെ ഹിന്ദി പഠനം സാധ്യമാക്കുക | എല്ലാ മാസങ്ങളിലെ ആദ്യ ആഴ്ച | ഹിന്ദി അധ്യാപിക, ഹിന്ദി ക്ലബ്ബാംഗങ്ങൾ | | പി.ടി.എ |

Scanned with OKEN Scanner

| | | | | | | |
|---|---|---|---|---|---|---|
| 2 | വിവിധ ശേഷികൾ വികസിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | ദിനാചരണവുമായി ബന്ധപ്പെട്ട മാസങ്ങളിൽ | ഹിന്ദി അധ്യാപിക, ഹിന്ദി ക്ലബ്ബാംഗങ്ങൾ | | |

പ്രവർത്തനം - 16 ഭാഷാശേഷികൾ വികസിപ്പിക്കുക

മേഖല - അക്കാദമികം

ഉപമേഖല - ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|---|
| 1 | ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദി നാടകീകരണം, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കൽ | ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിൽ | ഹിന്ദി അധ്യാപിക, ഹിന്ദി ക്ലബ്ബാംഗങ്ങൾ | 1000 | പി.ടി.എ |
| 2 | എല്ലാ കുട്ടികൾക്കും ഹിന്ദി ഫലപ്രദമായി എഴുതുവാനും വായിക്കുവാനും ഉള്ള ശേഷി വികസിപ്പിക്കുക | ഹിന്ദി അസംബ്ലി ആഴ്ചയിൽ രണ്ടു ദിവസം അവതരിപ്പിക്കുക | എല്ലാ മാസത്തിലെ ആഴ്ചയിൽ രണ്ടു ദിവസം | ഹിന്ദി അധ്യാപിക, ക്ലാസ്സ് ലീഡർ | | |
| 3 | രചനകൾ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ, സ്കൂൾ ബ്ലോഗിൽ ചേർക്കൽ | എല്ലാ മാസവും | എസ്.ഐ.റ്റി.സി, ഹിന്ദി അധ്യാപിക | | |

പ്രവർത്തനം - 1 7 ഭാഷാശേഷികൾ വികസിപ്പിക്കുക

മേഖല - അക്കാദമികം

ഉപമേഖല - ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|---|
| 1 | കളികളിലൂടെയുള്ള ഭാഷാ പഠനം | ഹിന്ദി പദപ്രശ്നങ്ങളിലൂടെ വാക്കുകൾ നിർമ്മിക്കുന്നു. വിജയികളെ കണ്ടെത്തുന്നു | സെപ്റ്റംബർ | ഹിന്ദി അധ്യാപിക, | | ഹിന്ദി അധ്യാപിക |

Scanned with OKEN Scanner

# മേഖല - അക്കാദമികം, ഉപമേഖല - ശാസ്ത്രം

പ്രവർത്തനം - 33 നിലനിർണ്ണയം പരിഹാരബോധനവും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ശാസ്ത്രത്തിൽ അടിസ്ഥാന ആശയങ്ങൾ കൈവരിയ്ക്കൽ | അടിസ്ഥാന ആശയങ്ങൾ അടങ്ങിയ ചോദ്യപേപ്പർ നിർമ്മാണം<br>ടെസ്റ്റ് നടത്തൽ മൂല്യനിർമ്മാണം<br>പരിഹാരബോധന ക്ലാസ്സുകൾ<br>പഠനഗ്രൂപ്പ് രൂപീകരണം<br>ദത്തശേഖരണം<br>കൗൺസിലിംഗ് ക്ലാസ്സുകൾ<br>പ്രാദേശികരൂപീകരണം | മെയ് മാസം<br>ജൂൺ<br>ജൂൺ<br>ജൂലൈ<br>ജൂൺ<br>ആഗസ്ത്<br>സെപ്റ്റംബർ | സബ്ജക്ട് കൗൺസിൽ<br>ക്ലാസ്ടീച്ചർ<br>എസ് ആർജി<br>പി ടി എ<br>എസ് ആർജി<br>പി ടി എ | പി ടി എ<br>പി ടി എ<br>പി ടി എ |

മേഖല - അക്കാദമികം, ഉപമേഖല - ശാസ്ത്രം

പ്രവർത്തനം - 34 , ശാസ്ത്രലാബ് നവീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ നവീകരിക്കൽ | സയൻസ് ലാബിലെ വിവിധ വസ്തുക്കൾ അതായത് ഉപകരണങ്ങളും രാസവസ്തുക്കളും ചാർട്ടുകളും ഫിസിക്സ്, കെമിസ്ട്രി ബയോളജി എന്നിങ്ങനെ തരംതിരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവിശ്യം | സയൻസ് ക്ലബ്ബ് | |

Scanned with OKEN Scanner

മേഖല - അക്കാദമികം, ഉപമേഖല - ശാസ്ത്രം

പ്രവർത്തനം - 35, ശാസ്ത്രയാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രതിഭകളെ കണ്ടെത്തലും അവർക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ | ശാസ്ത്രത്തിൽ മികവ് പുലർത്തുന്ന ഉയർന്ന നിലവാരത്തിലുള്ള കുട്ടികൾക്കായി പരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കൽ വിദഗ്ധരെ കൊണ്ട് അവർക്ക് ഒഴിവുദിവസങ്ങളിലും ഓണാവധി, ക്രിസ്തുമസ് അവധി തുടങ്ങിയ ക്ലാസ്സുകൾ നല്കി അവരിലെ ശാസ്ത്രജ്ഞരെ ഉണർത്തൽ | അവധി ദിവസങ്ങൾ | എസ് ആർജി എസ് ആർജി | സ്പോൺസർഷിപ്പ് |

മേഖല - അക്കാദമികം, ഉപമേഖല - ശാസ്ത്രം

പ്രവർത്തനം 36 , പ്രതിഭാപോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയമനോഭാവം രൂപപ്പെടൽ | ശാസ്ത്രം ജനനന്മയ്ക്ക്, ജനപക്ഷശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രത്തിന്റെ രീതി എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ, സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | എസ് ആർജി |

Scanned with OKEN Scanner

മേഖല - അക്കാദമികം, ഉപമേഖല - ശാസ്ത്രം

പ്രവർത്തനം 37 , പ്രതിഭാപോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയമനോഭാവം രൂപപ്പെടൽ | ശാസ്ത്രം ജനന്മയ്ക്ക്, ജനപക്ഷശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രത്തിന്റെ രീതി എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ, സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | എസ് ആർജി |

മേഖല - അക്കാദമികം, ഉപമേഖല - ശാസ്ത്രം

പ്രവർത്തനം –38, മേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കൽ | സ്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ<br>ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം.<br>ജില്ലാതലത്തിലും പങ്കാളിത്തം ഉറപ്പാക്കൽ | വർഷത്തിൽ ഒരു പ്രാവിശ്യം | സയൻസ് ക്ലബ്ബ് | സി എസ് ആർ |

Scanned with OKEN Scanner

പ്രവർത്തനം -45

അക്കാദമികം

## മേഖല - ഗണിതശാസ്ത്രം

പൊതുലക്ഷ്യങ്ങൾ

1. ഗണിതാഭിരുചി വളർത്തി പ്രായോഗിക പ്രശ്നപരിഹാരത്തിനു പ്രാപ്തരാക്കൽ

2. ചതുഷ്ക്രിയകൾ ഉറപ്പിച്ച് ഗണിതബോധം വർദ്ധിപ്പിക്കൽ

| പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 45 | ഗണിത മേളകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കൽ | താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു. കഴിവുകൾ പ്രദർശിപ്പിക്കാൻ അവസരം നല്കുന്നു മികച്ച വിദ്യാർത്ഥികളെ മേളകളിൽ പങ്കെടുപ്പിക്കുന്നു. | ഹ്രസ്വ കാലം | ഗണിതഅദ്ധ്യാപകർ | Rs 2000/- പി.ടി.എ |
| 46 | മത്സരപരീക്ഷകളിൽ മികച്ച വിജയം ഉറപ്പാക്കൽ | 8,9, ക്ലാസ്സുകളിലെ മിടുക്കരായ വിദ്യാർത്ഥികളെ കണ്ടെത്തി പരിശീലനം നല്കുന്നു. മുൻകാല ചോദ്യപേപ്പറുകൾ വർക്ക് ഔട്ട് ചെയ്യുന്നു. ടാലന്റ് സെർച്ച് പരീക്ഷക്ക് പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികളെ 8-ാം ക്ലാസിൽ വച്ചു തന്നെ കണ്ടെത്തി പരിശീലനം നല്കുന്നു | ഹ്രസ്വ കാലം | ഗണിതഅദ്ധ്യാപകർ | Rs 2000/- പി.ടി.എ |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 46 | ഗണിത ലാബ് - വിശകലനം | ശ്രദ്ധ ക്ലാസ്സുകളിലെ പ്രവർത്തനങ്ങളുടെ ഗണിത ഉല്പന്നങ്ങൾ ശേഖരിക്കൽ, ഗണിതക്ലാസ്സിലെ കുട്ടികൾ കൊണ്ടുവരുന്ന ഗണിത ഉല്പന്നങ്ങൾ ശേഖരിക്കൽ, ഗണിതമേളകളിൽ പ്രദർശിപ്പിച്ച ഉല്പന്നങ്ങൾ ശേഖരിക്കൽ | മധ്യകാലം | ഗണിതക്ലബ്ബ് അംഗങ്ങൾ, ഗണിത അദ്ധ്യാപകർ | Rs 2000/- പി.ടി.എ |



Scanned with OKEN Scanner

| 48 | ഗണിതത്തിൽ കൗതുകം വർദ്ധിപ്പിക്കൽ | ഗണിത അസ്സംബ്ലികൾ സംഘടിപ്പിക്കൽ, അസ്സംബ്ലികളിൽ ഗണിതപസിലുകൾ, വിജ്ഞാനപ്രദമായ അറിവുകൾ ഇവ അവതരിപ്പിക്കൽ ഗണിതക്വിസ് നടത്തൽ, അസ്സംബ്ലികളിൽ ഗണിത കഥകൾ, കവിതകൾ, ഗണിതപഴഞ്ചൊല്ലുകൾ ഇവയുടെ അവതരണം ഗണിത ശാസ്ത്രജ്ഞരെപ്പറ്റിയുള്ള ബുക്കുകൾ, ഗണിതത്തിനു പ്രാധാന്യം നല്കുന്ന പ്രസിദ്ധീകരണങ്ങൾ ഇവ ലൈബ്രറിയിലേക്കു ശേഖരിച്ച് വായിക്കാൻ അവസരം നല്കുന്നു | ഹ്രസ്വ കാലം | ലൈബ്രേറിയൻ, ഗണിത അദ്ധ്യാപകർ | Rs 2000/- പി.ടി.എ |
|---|---|---|---|---|---|

പ്രവർത്തനം

അക്കാദമികം

മേഖല .ഗണിതശാസ്ത്രം

| പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 49 | അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | സ്കൂൾ ചുവരുകളിൽ ഗണിതരൂപങ്ങൾ, ഗുണനപ്പട്ടിക, സർവ്വസമവാക്യങ്ങൾ ഇവ പ്രദർശിപ്പിക്കുന്നു. | ഹ്രസ്വ കാലം | ഗണിത അദ്ധ്യാപകർ | |
| 50 | വിലയിരുത്തലുകൾ | പാഠഭാഗങ്ങൾ തീരുന്നതിനനുസരിച്ച് ടെസ്റ്റ് പേപ്പറുകൾ, റീടെസ്റ്റുകൾ എന്നിവ കൃത്യസമയത്തുതന്നെ നടത്തുന്നു. പഠനപ്രയാസമനുഭവിക്കുന്ന പത്താം ക്ലാസിലെ കുട്ടികൾക്ക് ഉച്ചക്ക് 1 മുതൽ 1.30 വരെ ക്ലാസ്സുകൾ 8 ലെ വിദ്യാർത്ഥികൾക്കായി ശ്രദ്ധയും 9-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായി നവപ്രഭയും നടപ്പിലാക്കുന്നു. | മധ്യ കാലം | ഗണിതഅദ്ധ്യാപകർ | |



Scanned with OKEN Scanner

# പ്രതീക്ഷിതനേട്ടങ്ങൾ

- കുട്ടികളിൽ ഓരോ ഘട്ടങ്ങളിലും ആർജ്ജിക്കേണ്ട ശേഷികളും കഴിവുകളും, ധാരണകളും നൈപുണികളും അവരുടെ കഴിവിനനുസരിച്ച് നേടുന്നതിനു കഴിയുന്നു.
- കുട്ടികളുടെ സമഗ്രവും പരിപൂർണ്ണവുമായ വികാസം.
- മുഴുവൻ കുട്ടികളും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ കഴിയുന്ന പഠനാവസരം ലഭിയ്ക്കും.
- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനം നേടുന്നു.
- സ്കൂൾ സമൂഹത്തിന് എന്ന ആശയം സാക്ഷാത്കരിക്കും.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾ ഇല്ലാതാക്കുവാൻ കഴിയുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- സ്കൂളും കുട്ടികളും അന്താരാഷ്ട്ര നിലവാരത്തിലെത്താൻ കഴിയുന്നു.

## മോണിട്ടറിംഗ്

സ്കൂൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന സമയങ്ങളിലും പദ്ധതി നടപ്പിലാക്കുന്ന എല്ലാ ഘട്ടങ്ങളിലും വിവിധ തലത്തിലുള്ള മോണിറ്ററിംഗ് നടപ്പാക്കുന്നു.

- ദൈനംദിന മോണിട്ടറിംഗ്
  എച്ച് എം, പ്രിൻസിപ്പാൾ, എസ് ആർജി കൺവീനർ, സ്റ്റാഫ് സെക്രട്ടറി
- സോഷ്യൽ മോണിട്ടറിംഗ്
  പി ടി എ അംഗങ്ങൾ, എം പി ടി എ അംഗങ്ങൾ, വികസന സമിതി അംഗങ്ങൾ, മാനേജ്മെന്റ് അംഗങ്ങൾ, എസ് ആർ ജി അംഗങ്ങൾ, എസ് ആർ ജി അംഗങ്ങൾ
- ഉദ്യോഗതലത്തിലുള്ള മോണിട്ടറിംഗ്
  ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ, ഡയറ്റ് അംഗങ്ങൾ, ആർ എം എസ് എ, എസ് എസ് എ

Scanned with OKEN Scanner

# ഉപസംഹാരം

മനുഷ്യന്റെ സകലവിധ അഭിവൃദ്ധികളും വിദ്യയെ ആശ്രയിച്ചിരിക്കുന്നു. ആദ്ധ്യാത്മികമായ അഭിവൃദ്ധിതന്നെ ശരിയായ വിദ്യാഭ്യാസമില്ലാതെ സിദ്ധിക്കുന്നില്ല. ലൗകീകമായ എല്ലാ വിഷയത്തിലും മനുഷ്യനെ ഉയർത്തുന്നത് വിദ്യാഭ്യാസമാണ്. വിദ്യാഹീനൻമാർക്ക് ശരിയായ സ്വാതന്ത്ര്യബോധം ഉണ്ടാവാനിടയില്ല, അതുകൊണ്ട് വിദ്യ പഠിക്കുകയും പഠിപ്പിക്കുകയും പഠനത്തിനായി കഴിയുന്ന സഹായങ്ങൾ എല്ലാം ചെയ്യുകയും ചെയ്യണം.

# അനുബന്ധം

## മികവുകൾ , നേട്ടങ്ങൾ

| നടപ്പു വർഷം | മുൻ വർഷം |
|---|---|
| • എസ്.എസ്.എൽ.സി, +2 പരീക്ഷകളിൽ മികച്ച വിജയത്തിനുള്ള പ്രവർത്തനങ്ങൾ, പ്രത്യേക ക്ലാസ്സുകൾ, മുന്നോക്ക പിന്നോക്കം നിൽക്കുന്നവർക്കു പ്രത്യേകം ക്ലാസ്സുകൾ, യൂണിറ്റ് പരീക്ഷകൾ എല്ലാ മാസവും എല്ലാ കണക്കുകൾക്കും ക്ലാസ്സ് പി.ടി.എ യോഗങ്ങൾ.<br>• എസ്.എസ്.എൽ.സിയ്ക്ക് 99% വിജയം, 3 കുട്ടികൾക്ക് ഫുൾ A+ സേയ്ക്ക് ശേഷം 100% വിജയം.<br>• ജെ.ആർസി, സ്കൗട്ട് ഗൈഡ്, വിവിധ ക്ലബ്ബ് , അസാപ്പ് പ്രവർത്തനങ്ങൾ<br>• കാരുണ്യപ്രവർത്തനങ്ങൾ<br>• നക്ഷത്രവനം പദ്ധതി, ജൈവകൃഷി പൂന്തോട്ട നിർമ്മാണം<br>• സമഗ്ര വിജയം സമ്പൂർണ്ണ വിജയം പ്രോജക്ട്.<br>• സംസ്ഥാന കലോൽസവത്തിൽ വഞ്ചിപ്പാട്ട്, ഇംഗ്ലീഷ് പ്രസംഗം, ഇംഗ്ലീഷ് പദ്യം ചൊല്ലൽ ഗ്രേഡ്.<br>• മലയാളത്തിളക്കം, ശ്രദ്ധ<br>• നവപ്രഭ പരിപാടികൾ<br>• 8-ാം ക്ലാസിൽ 20 കുട്ടികളുടെ വർദ്ധനവ് ഉണ്ടായി.<br>• ബോധവൽക്കരണ ക്ലാസ്സുകൾ നട | • എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് 100 % വിജയം, 2 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും A+.<br>• +2 പരീക്ഷയിൽ 92% വിജയം, 8 പേർക്ക് ഫുൾ A+.<br>• സ്പെഷ്യൽ ക്ലാസ്സുകൾ.<br>• അസാപ്പ് ട്രെയിനിംഗ്.<br>• എൻ.എസ്.എസ്, സ്കൗട്ട്, ഗൈഡ്, ജെ.ആർ.ഡി. പ്രവർത്തനങ്ങൾ.<br>• ക്ലാസ്സ് പി.ടി.എ<br>• ജൈവകൃഷി- പൂന്തോട്ട നിർമ്മാണം.<br>• സമഗ്ര വിജയം സമ്പൂർണ്ണ വിജയം പ്രോജക്ട്നടപ്പാക്കുന്നു.<br>• സംസ്ഥാന പ്രവർത്തി പരിചയമേള , ശാസ്ത്രമേള, കലോൽസവങ്ങളിൽ ഗ്രേഡ്.<br>• വികസന സമിതി രൂപീകരണം.<br>• പതിപ്പുകൾ തയ്യാറാക്കൽ.<br>• സ്കൂൾ കലണ്ടർ തയ്യാറാക്കൽ.<br>• നവപ്രഭ ക്ലാസ്സുകൾ.<br>• ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി. |

Scanned with OKEN Scanner

## കുട്ടികളുടെ എണ്ണം മുൻ വർഷങ്ങളിൽ

| ക്ലാസ്സ് | VIII | | | IX | | | X | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 2014-15 | 44 | 15 | 59 | 45 | 15 | 60 | 22 | 24 | 46 | 111 | 54 | 165 |
| 2015-16 | 45 | 22 | 67 | 47 | 20 | 67 | 47 | 15 | 62 | 139 | 57 | 196 |
| 2016-17 | 30 | 11 | 41 | 45 | 22 | 67 | 48 | 19 | 67 | 123 | 62 | 175 |
| 2017-18 | 45 | 16 | 61 | 28 | 11 | 39 | 45 | 18 | 63 | 118 | 45 | 163 |
| 2018-19 | 29 | 11 | 40 | 42 | 16 | 58 | 29 | 9 | 38 | 100 | 36 | 136 |
| 2019-20 | 29 | 11 | 40 | 35 | 14 | 49 | 39 | 17 | 56 | 103 | 42 | 145 |
| 2020-21 | 56 | 15 | 71 | 33 | 13 | 46 | 37 | 14 | 51 | 126 | 42 | 168 |
| 2021-22 | 35 | 12 | 47 | 56 | 17 | 73 | 35 | 13 | 48 | 126 | 42 | 168 |
| 2022-23 | 26 | 16 | 42 | 37 | 10 | 47 | 55 | 17 | 72 | 118 | 43 | 161 |
| 2023-24 | 56 | 19 | 75 | 29 | 14 | 42 | 39 | 10 | 49 | 123 | 43 | 167 |
| 2024-25 | 38 | 18 | 56 | 52 | 22 | 74 | 29 | 18 | 47 | 119 | 58 | 177 |
| 2025-26 | 37 | 13 | 50 | 42 | 18 | 60 | 47 | 22 | 69 | 126 | 53 | 179 |

## അധ്യാപക അനധ്യാപകരുടെ എണ്ണം
## എച്ച്.എസ്. വിഭാഗം

| വർഷം | തസ്തിക/വിഷയം | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|---|---|---|---|---|---|
| 2014-15 | എച്ച്.എസ്.എ മലയാളം | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 |
| 2015-16 | എച്ച്.എസ്.എ ഇംഗ്ലീഷ് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| 2016-17 | എച്ച്.എസ്.എ ഹിന്ദി | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| 2017-18 | എച്ച്.എസ്.എ സോഷ്യൽ സയൻസ് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| | എച്ച്.എസ്.എ ഫിസിക്കൽ സയൻസ് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| | എച്ച്.എസ്.എ നാച്ചുറൽ സയൻസ് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| | എച്ച്.എസ്.എ കണക്ക് | 2 | 2 | 2 | 1 | 1 | 1 | 1 | 1 | 1 | 1 |
| | ഹെഡ് മാസ്റ്റർ | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| | ക്ലാർക്ക് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| | ഓഫീസ് | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 |
| | എഫ്.റ്റി.എം | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |



Scanned with OKEN Scanner

# സ്കൂൾ സ്റ്റാഫ് അംഗങ്ങൾ

| വർഷം | സ്റ്റാഫ് അംഗങ്ങളുടെ എണ്ണം | | | |
|---|---|---|---|---|
| | എച്ച്.എസ് വിഭാഗം | | എച്ച്.എസ്.എസ്. വിഭാഗം | |
| | അധ്യാപകർ | അനധ്യാപകർ | അധ്യാപകർ | അനധ്യാപകർ |
| 2014-15 | 9+1(HM)=10 | 4 | 19 + 1 (Principal) | 2 |
| 2015-16 | 9+1(HM)=10 | 4 | 19+1= 20 | 2 |
| 2016-17 | 9+1(HM)=10 | 4 | 20+1= 21 | 2 |
| 2017-18 | 9+1(HM)=10 | 4 | 20+1 = 21 | 2 |
| 2018-19 | 9+1(HM)=10 | 4 | 20+1 = 21 | 2 |
| 2019-20 | 8+1(HM)= 9 | 4 | 20+1 = 21 | 2 |
| 2020-21 | 8+1(HM)= 9 | 4 | 20+1 = 21 | 2 |
| 2021-22 | 8+1(HM)= 9 | 4 | 20+1 = 21 | 2 |
| 2022-23 | 8+1(HM)= 9 | 4 | 20+1 = 21 | 2 |
| 2023-24 | 8+1(HM)= 9 | 4 | 20+1 = 21 | 2 |
| 2024-25 | 8+1(HM)= 9 | 4 | 20+1 = 21 | 2 |

# നിലവിലുള്ള കമ്മിറ്റികൾ

| കമ്മിറ്റികളുടെ പേര് | അംഗങ്ങളുടെ എണ്ണം | | |
|---|---|---|---|
| അധ്യാപക രക്ഷകർത്തൃസമിതി | 9 | 10 | 19 |
| മാതൃ സമിതി | - | 15 | 15 |
| ഉച്ചഭക്ഷണ സമിതി | 3 | 6 | 9 |
| വികസന സമിതി | 15 | 10 | 25 |
| സ്കൂൾ ലോക്കൽ മാനേജ്മെന്റ് കമ്മിറ്റി | 11 | 4 | 15 |
| പൂർവ്വ വിദ്യാർത്ഥി സമിതി | 11 | 8 | 19 |
| ലഹരി വിരുദ്ധസമിതി | 8 | 7 | 15 |



Scanned with OKEN Scanner

# അനുബന്ധം
## കുട്ടികളുടെ എണ്ണം

| വർഷം | VIII | | | IX | | | X | | | |
|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 2014 | 44 | 15 | 59 | 45 | 15 | 60 | 22 | 24 | 46 | 165 |
| 2015 | 45 | 22 | 67 | 47 | 20 | 67 | 47 | 15 | 62 | 196 |
| 2016 | 30 | 11 | 41 | 45 | 22 | 67 | 48 | 19 | 67 | 175 |
| 2017 | 45 | 16 | 61 | 28 | 11 | 39 | 45 | 18 | 63 | 163 |
| 2018 | 45 | 16 | 61 | 28 | 11 | 39 | 45 | 18 | 63 | 163 |
| 2019 | 29 | 11 | 40 | 42 | 16 | 58 | 29 | 9 | 38 | 136 |
| 2020 | 29 | 11 | 40 | 35 | 14 | 49 | 39 | 17 | 56 | 145 |
| 2021 | 56 | 15 | 71 | 33 | 13 | 46 | 37 | 14 | 51 | 168 |
| 2022 | 35 | 12 | 47 | 56 | 17 | 73 | 35 | 13 | 48 | 168 |
| 2023 | 26 | 16 | 42 | 37 | 10 | 47 | 55 | 17 | 72 | 161 |
| 2024 | 56 | 19 | 75 | 29 | 14 | 42 | 39 | 10 | 49 | 167 |
| 2025 | 38 | 18 | 56 | 52 | 22 | 74 | 29 | 18 | 47 | 177 |
| 2025-26 | 37 | 13 | 50 | 42 | 18 | 60 | 47 | 22 | 79 | 179 |

# ബജറ്റ്

| അക്കാദമികം | തുക |
|---|---|
| സാമൂഹിക ശാസ്ത്രലാബ് | 20000 |
| പഠനയാത്ര | 25000 |
| സെമിനാർ/ഡിബേറ്റ് | 15000 |
| ദിനാചരണം | 2000 |
| ബുള്ളറ്റിൻ ബോർഡ് | 1500 |
| ഗണിതമേള | 2000 |
| ഗണിതപരിശീലനം | 2000 |
| ഗണിതലാബ് | 15000 |
| ഗണിതരൂപങ്ങൾ നിർമ്മാണം | 15000 |
| ഗണിത ക്ലബ്ബ് | 25000 |
| കായിക പരിശീലനം | 150000 |
| മെഡിക്കൽ ക്യാമ്പ് | 10000 |
| കലാ ഘടനം, ചിത്രകല | 25000 |
| ആകെ | 307500 |



Scanned with OKEN Scanner

| ഭൗതീകം | തുക |
|---|---|
| പ്രവേശനകവാടം, മുറ്റം, കുളം | 2500000 |
| കായിക വിദ്യാഭ്യാസം, കളിസ്ഥല നിർമ്മാണം | 200000 |
| ഓഫീസ് മുറി, ക്ലാസ് മുറി | 400000 |
| ഓഡിറ്റോറിയം | 1500000 |
| ലാബ്, ലൈബ്രറി, ഐ.ടി.ലാബ് | 500000 |
| കുടിവെള്ള സജ്ജീകരണം | 30000 |
| ഉച്ചഭക്ഷണപ്പുര, ഊണ് മുറി, സ്റ്റോർ | 300000 |
| ടോയ്ലെറ്റ്/യൂറിനൽസ് | 1500000 |
| ജൈവവൈവിധ്യ പാർക്ക് | 100000 |
| സ്കൂൾ മാർക്കറ്റ് | 100000 |
| **ആകെ** | **7130000** |

| സാമൂഹികം | തുക |
|---|---|
| പി.ടി.എ | 10000 |
| ലൈബ്രറി പുസ്തക ശേഖരണം | 70000 |
| പൂർവ്വ വിദ്യാർത്ഥി സംഗമം | 10000 |
| **ആകെ** | **90000** |

| | |
|---|---|
| അക്കാദമികം | 307500 |
| ഭൗതീകം | 7130 |
| സാമൂഹികം | 90000 |
| ആകെ | 404630 |



Scanned with OKEN Scanner